# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

## <u>സംഗ്രഹം</u>

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ നിലവിലുള്ള സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്.**

==========================================================================

**ലേബർ വിഭാഗം**

നമ്പർ എൽ.ആർ.8/001313/06 തിരുവനന്തപുരം, തീയതി 18- 2-2009.

==========================================================================

വായന:- 1) 22-11-2008-ലെ ഭരണ സമിതി യോഗത്തിന്റെ അജൻഡ ഇനം 195/2008 പ്രകാരമുള്ള തീരുമാനം.
2) 28-11-2008-ലെ ഉഭയ കക്ഷി കരാർ.
3) 29-11-2008-ലെ ഇതേ നമ്പർ കത്ത്.
4) സർക്കാർ ഉത്തരവ് സ.ഉ.(പി) നമ്പർ 26/09/ട്രാൻ തീയതി 13-2-2009.

## <u>ഉത്തരവ്</u>

കെ.എസ്.ആർ.ടി. കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാരുടെ ഇപ്പോഴത്തെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സേവന വ്യവസ്ഥകളും കേരള സർക്കാരിനാൽ അംഗീകരിക്കപ്പെട്ടതും 13-4-1999-ൽ ഒപ്പ് വയ്ക്കപ്പെട്ടതുമായ ഉഭയകക്ഷിക്കരാറിനാൽ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു. 'ടി' കരാറിന്റെ കാലാവധി 28-2-2002-ൽ അവസാനിച്ച മുറയ്ക്ക് അംഗീകൃത തൊഴിലാളി സംഘടനകൾ പുതിയ കരാർ രൂപവത്ക്കരിക്കുന്നതിലേക്കുള്ള അവകാശ പത്രികകൾ സമർപ്പിച്ചു. നിലവിലുള്ള സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിലേക്ക് വിശദമായ ഉഭയകക്ഷി ചർച്ചകൾ നടത്തുകയും തുടർന്ന് ഒരു ദീർഘകാല കരാർ രൂപീകരിക്കുന്നതിന് ധാരണയാവുകയും ചെയ്തു.

നിർദ്ദിഷ്ട സേവന-വേതന പരിഷ്ക്കരണത്തിനു വേണ്ടിയുള്ള കരട് കരാർ 22-11-2008-ലെ ഭരണസമിതി യോഗം പരിഗണിക്കുകയും അംഗീകൃത തൊഴിലാളി സംഘടനകളുമായി പുതിയ ഉഭയകക്ഷി കരാറിൽ ഔപചാരികമായി ഏർപ്പെടുകയും പുതിയ കരാർ സർക്കാർ അനുമതിയോടെ നടപ്പിലാക്കുകയും ചെയ്യുന്നതിന് ചെയർമാൻ & മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയുമുണ്ടായി. അപ്രകാരം 28-11-2008-ന് അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ഒപ്പു വച്ച കരാർ നടപ്പിലാക്കുന്നതിനുള്ള സർക്കാർ അനുമതിക്കായി പരാമർശ കത്ത് മുഖേന സമർപ്പിക്കുകയും ആയത് പരാമർശം 4-ലെ ഉത്തരവിനാൽ അനുവദിക്കപ്പെട്ടിട്ടുള്ളതുമാണ്.

ആകയാൽ കെ.എസ്.ആർ.ടി.സി.യിലെ സ്ഥിരം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള 28-11-2008-ലെ ഉഭയകക്ഷി കരാറിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ഇതിനാൽ ഉത്തരവായിരിക്കുന്നു.

**<u>പുതുക്കിയ ശമ്പളം, വർദ്ധിപ്പിച്ച നിരക്കിലുള്ള ക്ഷാമബത്ത/വീട്ട് വാടക അലവൻസ് എന്നിവയുടെ സാമ്പത്തികാനുകൂല്യം അനുവദിക്കുന്ന തീയതി പ്രത്യേക ഉത്തരവിലൂടെ അറിയിക്കുന്നതാണ്.</u>**

എന്നാൽ സേവന വേതന കരാറിലെ ഖണ്ഡം XXI-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും അനുബന്ധം III-ൽ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടുള്ളതുമായ പുതുക്കിയ അലവൻസുകൾ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

ഖണ്ഡം XX-ൽ പ്രതിപാദിച്ചിട്ടുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യങ്ങളിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ളവ പ്രാബല്യത്തിൽ വരുന്ന തീയതി ഇതു സംബന്ധമായി പുറപ്പെടുവിക്കുന്ന പ്രത്യേക ഉത്തരവിൽ പറയുന്നതാണ്.

## I. അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കുന്ന ക്ഷാമബത്ത (Merger D.A.)

59% ക്ഷാമബത്ത നിലവിലുള്ള അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കുന്നതാണ്. എന്നാൽ നിലവിലുള്ള സ്കെയിലിൽ ഇപ്പോൾ നൽകിവരുന്ന 55% ക്ഷാമബത്തയ്ക്ക് മറ്റൊരുത്തരവ് വരെ മാറ്റമുണ്ടായിരിക്കുന്നതല്ല.

## II. ശമ്പള സ്കെയിലുകൾ (Scales of Pay)

നിലവിലുള്ള 11 ടൈം സ്കെയിലുകൾക്കു പകരം 4510 - 120 (4) - 4990 - 130 (2) - 5250 - 140 (4) - 5810 - 160 (3) - 6290 - 180 (2) - 6650 - 220 (3) - 7310 - 250 (2) - 7810 - 300 (3) - 8710 - 350 (3) - 9760 - 380 (5) - 11660 - 400 (8) - 14860 - 450 (7) - 18010 - 500 (6) - 21010 (ആകെ 52 വർഷം) എന്ന മാസ്റ്റർ സ്കെയിലിന്റെ ഭാഗമായിട്ടുള്ള താഴെപ്പറയുന്ന സ്കെയിലുകളായിരിക്കും (ഇനിയുള്ള ഭാഗങ്ങളിൽ പുതിയ സ്കെയിലുകൾ എന്ന് പരാമർശിക്കുന്നത്) മേലിൽ ഉണ്ടായിരിക്കുക.

| നിലവിലുള്ള സ്കെയിൽ 1997 | സ്കെയിൽ നമ്പർ | പരിഷ്ക്കരിച്ച സ്കെയിൽ 2008 |
|---|---|---|
| 2610-60-3150-70-3710 | 1 | 4510-120-4990-130-5250-140-5810-160-6290-180-6650 |
| | | |
| 2750-70-3730-90-5530 | 2 | 4750-120-4990-130-5250-140-5810-160-6290-180-6650-220-7310-250-7810-300-8710-350-9410 |
| | | |
| 3050-75-3875-110-6075 | 3 | 5250-140-5810-160-6290-180-6650-220-7310-250-7810-300-8710-350-9760-380-10900 |
| | | |
| 3100-75-3925-120-6685 | 4 | 5390-140-5810-160-6290-180-6650-220-7310-250-7810-300-8710-350-9760-380-11660 |
| | | |
| 3350-125-3975-130-7355 | 5 | 5810-160-6290-180-6650-220-7310-250-7810-300-8710-350-9760-380-11660-400-13260 |
| | | |
| 3760-135-4300-155-8175 | 6 | 6470-180-6650-220-7310-250-7810-300-8710-350-9760-380-11660-400-14860 |

| നിലവിലുള്ള സ്കെയിൽ 1997 | സ്കെയിൽ നമ്പർ | പരിഷ്ക്കരിച്ച സ്കെയിൽ 2008 |
|---|---|---|
| 4030-160-4510-175-8885 | 7 | 7090-220-7310-250-7810-300-8710-350-9760-380-11660-400-14860-450-16210 |
| | | |
| 4340-180-4700-190-9070 | 8 | 7560-250-7810-300-8710-350-9760-380-11660-400-14860-450-16660 |
| | | |
| 4520-200-4920-210-9960 | 9 | 8110-300-8710-350-9760-380-11660-400-14860-450-18010 |
| | | |
| 5080-220-6180-230-10550 | 10 | 9060-350-9760-380-11660-400-14860-450-18010-500-19010 |
| | | |
| 5500-240-6700-250-11700 | 11 | 9760-380-11660-400-14860-450-18010-500-21010 |

പുതിയ സ്കെയിലുകൾ പ്രകാരമുള്ള ശമ്പളം അനുബന്ധം II-ൽ ചേർത്തിരിക്കുന്ന ശമ്പള നിർണ്ണയ ചട്ടങ്ങൾക്കനുസൃതമായി പരിഷ്ക്കരിച്ചു നൽകുന്നതാണ്. തസ്തികകളും അവയുടെ ബന്ധപ്പെട്ട സ്കെയിലുകളും അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.

## III. ക്ഷാമബത്ത (Dearness Allowance)

സർക്കാർ ജീവനക്കാർക്ക് കാലാകാലങ്ങളിൽ അനുവദിക്കുന്ന നിരക്കിലുള്ള ക്ഷാമബത്ത കോർപ്പറേഷൻ ജീവനക്കാർക്ക് അനുവദിക്കുന്നതാണ്. പരിഷ്ക്കരിച്ച ശമ്പളത്തോടൊപ്പം 5% ക്ഷാമബത്ത അനുവദിക്കുന്നതും ശേഷിക്കുന്ന **കുടിശ്ശിക ക്ഷാമബത്താ ഗഡുക്കൾ ഘട്ടം ഘട്ടമായി നൽകുന്നതുമാണ്.**

## IV. വീട്ടുവാടക അലവൻസ് (House Rent Allowance)

പരിഷ്ക്കരിച്ച അടിസ്ഥാന ശമ്പളത്തിന്റെ 4% (നാല് ശതമാനം) എന്ന നിരക്കിൽ കുറഞ്ഞത് 200/- (ഇരുനൂറ്) രൂപയും പരമാവധി 400/- (നാനൂറ്) രൂപയും പ്രതിമാസ വീട്ടുവാടക അലവൻസ് അനുവദിക്കുന്നതാണ്.

## V. വെയിറ്റേജ് (Weightage)

നിലവിലുള്ള അടിസ്ഥാന ശമ്പളത്തിന്റെ 8% അല്ലെങ്കിൽ കുറഞ്ഞത് 250/- (ഇരുനൂറ്റിയമ്പത്) രൂപ വെയിറ്റേജായി ശമ്പള പരിഷ്ക്കരണത്തിന് കണക്കാക്കുന്നതാണ്.

## VI. ഫിറ്റ്മെന്റ് ആനുകൂല്യം (Fitment benefit)

നിലവിലുള്ള അടിസ്ഥാന ശമ്പളത്തിന്റെ 6% അല്ലെങ്കിൽ കുറഞ്ഞത് 350/- (മുന്നൂറ്റിയമ്പത്) രൂപ ഫിറ്റ്മെന്റ് ആനുകൂല്യമായി ശമ്പള പരിഷ്ക്കരണത്തിന് കണക്കാക്കുന്നതാണ്.

## VII. <u>പരിഷ്ക്കരിച്ച ശമ്പളത്തിന്റെ പ്രാബല്യം</u>

നിർദ്ദിഷ്ട ശമ്പള പരിഷ്ക്കരണം 1-3-2006 മുതൽ നിലവിൽ വരുന്നതാണ്. എന്നാൽ സാമ്പത്തികാനുകൂല്യം അനുവദിക്കുന്ന തീയതി വരെ ആയത് നോഷണൽ പ്രാബല്യത്തിലായിരിക്കുന്നതാണ്.

## <u>VIII. ഇടക്കാലാശ്വാസം</u>

ശമ്പള പരിഷ്ക്കരണത്തിന്റെയും പെൻഷൻ പരിഷ്ക്കരണത്തിന്റെയും ഭാഗമായി ജീവനക്കാർക്കും പെൻഷൻകാർക്കും നൽകിവരുന്ന ഇടക്കാലാശ്വാസം ശമ്പള - പെൻഷൻ പരിഷ്ക്കരണങ്ങളുടെ സാമ്പത്തികാനുകൂല്യം അനുവദിക്കുന്ന തീയതി മുതൽ തുടരുന്നതല്ല.

(1) പുതിയ സ്കെയിലിലെ ശമ്പളത്തിന്റെ സാമ്പത്തികാനുകൂല്യത്തിനും പെൻഷൻ പരിഷ്ക്കരണത്തിന്റെ സാമ്പത്തികാനുകൂല്യം അനുവദിക്കുന്ന തീയതിക്കു മുമ്പുള്ള പ്രാബല്യമില്ലെങ്കിലും അതുവരെ <u>***കൈപ്പറ്റിയ ഇടക്കാലാശ്വാസം തിരികെ പിടിക്കുന്നതല്ല.***</u>

(2) <u>ഇടക്കാലാശ്വാസമായി അനുവദിച്ചിട്ടുള്ള തുക നിർദ്ദിഷ്ട ശമ്പള പരിഷ്ക്കരണത്തിനുള്ള 'ശമ്പള നിർണ്ണയ ഘടകമായി'/പെൻഷൻ പരിഷ്ക്കരണത്തിനുള്ള ഘടകമായി കണക്കാക്കുന്നതല്ല.</u>

(3) ഭാവിയിലെ തീയതിയിലേക്ക് ഓപ്ഷൻ (Option on future date) സമർപ്പിക്കുന്ന ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണത്തിന്റെ സാമ്പത്തികാനുകൂല്യം അനുവദിക്കുന്ന തീയതി മുതൽക്ക് ഇടക്കാലാശ്വാസത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

## IX. <u>ഓപ്ഷൻ</u>

1-3-2006-ലെ ഹോൾഡിംഗ് പോസ്റ്റിൽ (Holding Post) മാത്രം പൊതുവിൽ ഓപ്ഷൻ അനുവദിക്കുന്നതാണ്. 1-3-2006 മുതൽ 28-2-2011 <u>വരെയുള്ള</u> തീയതികളിലേക്ക് ഓപ്ഷന് അനുവാദമുണ്ടായിരിക്കുന്നതാണ്.

**1-3-2006-ലോ അതിന് ശേഷമോ നടന്നിട്ടുള്ള എല്ലാ നിയമനങ്ങളും പ്രൊമോഷനുകളും പുതുക്കിയ ശമ്പള സ്കെയിലുകളിൽ നടന്നതായി കണക്കാക്കുന്നതാണ്.** എന്നാൽ 1-3-2006-ലോ അതിനു ശേഷമോ പ്രൊമോഷൻ ലഭിച്ചവർക്ക് ശമ്പള നിർണ്ണയ ചട്ടങ്ങളിലെ (Pay Fixation Rules) ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി പ്രൊമോഷൻ തീയതിയിൽ ഓപ്ഷന് അനുവാദമുണ്ടായിരിക്കുന്നതാണ്.

ഓപ്ഷന് അവകാശമുള്ള ഏതെങ്കിലും ഒരു ജീവനക്കാരൻ/ജീവനക്കാരി ഓപ്ഷൻ നൽകുന്നതിലേക്ക് നിശ്ചയിക്കുന്ന കാലപരിധിക്കുള്ളിൽ ആയത് നൽകാതിരിക്കുകയോ അർഹതപ്പെട്ടതല്ലാത്ത തീയതിയിൽ ഓപ്ഷൻ നൽകുകയോ ചെയ്താൽ 1-3-2006-ലേക്ക് ഓപ്ഷൻ നൽകിയതായി കണക്കാക്കി ശമ്പളം പുതിയ സ്കെയിലിൽ നിർണ്ണയിക്കുന്നതായിരിക്കും. ഇപ്രകാരം സംഭവിക്കുന്നതായാൽ ആയതിന് കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതല്ല.

<u>ഒരിക്കൽ നൽകിയ ഓപ്ഷൻ അന്തിമമായിരിക്കും. ആകയാൽ റീ-ഓപ്ഷൻ അനുവദിക്കുന്നതല്ല.</u>

## X. <u>പുതിയ സ്കെയിലിലെ ശമ്പള നിർണ്ണയ ഘടകങ്ങൾ:</u>

1. 1-3-2006-ലെ/ഓപ്ഷൻ തീയതിയിലെ നിലവിലുള്ള സ്കെയിലിലെ അടിസ്ഥാന ശമ്പളം.

2. 'ടി' അടിസ്ഥാന ശമ്പളത്തിന് 59% നിരക്കിലുള്ള ക്ഷാമബത്ത.

3. നിലവിലുള്ള അടിസ്ഥാന ശമ്പളത്തിന്റെ 6%; കുറഞ്ഞത് 350/- (മുന്നൂറ്റിയമ്പത്) രൂപ - ഫിറ്റ്മെന്റ് ആനുകൂല്യം (Fitment benefit).

4. നിലവിലുള്ള അടിസ്ഥാന ശമ്പളത്തിന്റെ 8%; കുറഞ്ഞത് 250/- (ഇരുനൂറ്റിയമ്പത്) രൂപ - വെയിറ്റേജ് (Weightage).

5. മേൽ (1) മുതൽ (4) വരെ ഘടകങ്ങൾ ചേർന്ന തുക പുതിയ സ്കെയിലിലെ ഒരു സ്റ്റേജാണെങ്കിൽ ആ സ്റ്റേജിലെ ശമ്പളം അനുവദിക്കുന്നതും സ്റ്റേജിന് താഴെ വരുകയാണെങ്കിൽ തൊട്ടടുത്ത സ്റ്റേജിലെ ശമ്പളം അനുവദിക്കുന്നതുമാണ്.

പുതിയ സ്കെയിലിൽ ശമ്പളം നിർണ്ണയിക്കുന്നതിനുള്ള ചട്ടങ്ങൾ (Pay Fixation Rules) അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

## XI. <u>സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് (Stagnation Increment)</u>

പരിഷ്ക്കരിച്ച ശമ്പള സ്കെയിലുകളിലെ പരമാവധിയിലെത്തി സ്റ്റാഗ്നേറ്റ് ചെയ്യുന്നവർക്ക് സർക്കാരിൽ നിലവിലുള്ള രീതിയിൽ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റിന് അർഹതയുണ്ടായിരിക്കുന്നതാണ്. അപ്രകാരം **<u>ആകെ മൂന്ന് ഇൻക്രിമെന്റുകൾ; ആദ്യത്തെ രണ്ടെണ്ണം വാർഷികമായും അവസാനത്തേത് ദ്വൈവാർഷികമായും,</u>** അതതു ശമ്പള സ്കെയിലിലെ ഒടുവിലത്തെ ഇൻക്രിമെന്റിന്റെ നിരക്കിൽ അനുവദിക്കുന്നതാണ്.

## XII. <u>അപ്ഗ്രഡേഷനും അധിക ഇൻക്രിമെന്റും</u>

കണ്ടക്ടർ വിഭാഗത്തിന്റെ സെലക്ഷൻ ഗ്രേഡ്, സ്പെഷ്യൽ ഗ്രേഡ്, സ്റ്റേഷൻ മാസ്റ്റർ എന്നീ തസ്തികകളുടെ ശമ്പള സ്കെയിൽ യഥാക്രമം സ്കെയിൽ നമ്പർ VII-ൽ നിന്ന് VIII-ലേക്കും, VIII-ൽ നിന്ന് IX-ലേക്കും IX-ൽ നിന്ന് X-ലേക്കും അപ്ഗ്രേഡ് ചെയ്ത് അതോടൊപ്പം ഇൻസ്പെക്ടർ-II (സ്കെയിൽ നമ്പർ X), ഇൻസ്പെക്ടർ-I (സ്കെയിൽ നമ്പർ XI) എന്നീ തസ്തികകൾ ലയിപ്പിച്ച് പകരം ഇൻസ്പെക്ടർ എന്ന ഒറ്റ തസ്തിക സ്കെയിൽ നമ്പർ XI-ൽ അനുവദിക്കുകയും ആയത് 1-8-2000 മുതലുള്ള പ്രാബല്യത്തോടെ നടപ്പിലാക്കുകയും ചെയ്തിരുന്നു. എന്നാൽ സർക്കാർ അനുമതി ലഭിക്കാത്തതിനാൽ ഇവ 10-9-2002-ന് പിൻവലിക്കുകയുണ്ടായി. അതിനു പുറമെ, റഗുലർ നിയമനത്തിന്റെ ഭാഗമായി 1-1-1972 മുതൽ 31-7-1979 വരെ അനുഷ്ഠിച്ച ദിവസക്കൂലി സേവന കാലത്തേക്ക് (Daily Wages Period) വിവിധ വിഭാഗം ജീവനക്കാർക്ക് ഒരു അധിക ഇൻക്രിമെന്റ് (Additional Increment) അനുവദിച്ചതും പിൻവലിച്ചിരുന്നു. പ്രസ്തുത സ്കെയിൽ അപ്ഗ്രഡേഷനും അഡീഷണൽ ഇൻക്രിമെന്റും പുന:സ്ഥാപിച്ച് ഈ ശമ്പള പരിഷ്ക്കരണത്തോടൊപ്പം നടപ്പാക്കും. നിർദ്ദിഷ്ട അപ്ഗ്രഡേഷനും അധിക ഇൻക്രിമെന്റും പുന:സ്ഥാപനം അനുസരിച്ച് നിലവിലുള്ള സ്കെയിലിൽ 1-8-2000 മുതൽ മുൻകാല പ്രാബല്യത്തോടെ ശമ്പളം ക്രമീകരിച്ച് പുതിയ സ്കെയിലിലെ ഓപ്ഷൻ തീയതി/ 1-3-2006 വരെ നോഷണൽ ഇഫക്ടിൽ അനുവദിക്കും. ഇങ്ങനെ ക്രമീകരിച്ച് നിർണ്ണയിച്ച ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ 1-3-2006/ഓപ്ഷൻ തീയതിയിൽ തത്തുല്യമായ പുതിയ സ്കെയിലിൽ ശമ്പള നിർണ്ണയം നടത്തും. **<u>(ഓപ്ഷൻ</u>**

**<u>തീയതി / 1-3-2006 വരെ പഴയ സ്കെയിലിലും ഓപ്ഷനു ശേഷം നിർദ്ദിഷ്ട ശമ്പള പരിഷ്ക്കരണത്തിന്റെ സാമ്പത്തികാനുകൂല്യം അനുവദിക്കുന്ന തീയതി വരെ പുതിയ സ്കെയിലിലും നോഷണൽ ഇഫക്ടിൽ അനുവദിക്കുമെന്ന് സാരം).</u>**

<u>1-8-2000 മുതൽ 28-2-2006 വരെ സർവീസിൽ നിന്ന് വിരമിച്ചവരിൽ 'ടി' അപ്ഗ്രഡേഷനും അഡീഷണൽ ഇൻക്രിമെന്റിനും അർഹതയുള്ളവർക്ക് ആയത് നോഷണൽ ഇഫക്ടിൽ അനുവദിച്ച് അതിനനുസൃതമായി പ്രതിമാസ പെൻഷൻ പുനർ നിർണ്ണയിച്ച് നിർദ്ദിഷ്ട പെൻഷൻ പരിഷ്ക്കരണത്തോടൊപ്പം സാമ്പത്തികാനുകൂല്യം അനുവദിക്കുന്നതാണ്.</u>

<u>'ടി' പുന:സ്ഥാപനം വഴിയുള്ള കുടിശ്ശിക ശമ്പളം, കുടിശ്ശിക പെൻഷൻ, ബാക്കി ഗ്രാറ്റുവിറ്റി,, ബാക്കി കമ്മ്യൂട്ടേഷൻ, ടെർമിനൽ ലീവ് സറണ്ടറിന്റെ കുടിശ്ശിക ഇവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ 10-9-2002 വരെ അപ്ഗ്രഡേഷൻ ഇനത്തിൽ കൈപ്പറ്റിയിട്ടുള്ള തുക (നിലവിൽ അധിക വേതനമായി (Excess pay) കണക്കാക്കിയിട്ടുള്ള തുക) തിരികെ പിടിക്കുന്നതല്ല. കൂടാതെ ഇതിനകം ഇൻസ്പെക്ടർ I ഗ്രേഡ് പ്രൊമോഷൻ ലഭിച്ചവർ 'ടി' പുന:സ്ഥാപനം മുഖാന്തിരം അധിക ശമ്പളം കൈപ്പറ്റിയതായി കണ്ടാൽ പ്രസ്തുത അധിക ശമ്പളവും ബാദ്ധ്യതയായി കണക്കാക്കി തിരികെ പിടിക്കുന്നതല്ല.</u>

അപ്ഗ്രഡേഷൻ/അധിക ഇൻക്രിമെന്റ് പുന:സ്ഥാപനം നടപ്പിലാക്കിയതിനു ശേഷമുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ബന്ധപ്പെട്ട ജീവനക്കാർക്ക് പുതിയ സ്കെയിലിലെ ഓപ്ഷൻ വിനിയോഗിക്കേണ്ടതെന്നതിനാൽ ടി പുന:സ്ഥാപനത്തിനർഹതയുള്ള സർവീസിൽ നിന്നും വിരമിച്ചവരുൾപ്പടെയുള്ള ജിവനക്കാരുടെ ടി ആനുകൂല്യം പുന:സ്ഥാപിച്ച് നോഷണലായി ശമ്പളം ക്രമീകരിച്ചതിന്റെ ഒരു പ്രസ്താവന ബന്ധപ്പെട്ട ജീവനക്കാർക്ക് കാലേക്കൂട്ടി നൽകുന്നതാണ്.

അപ്ഗ്രഡേഷനും അധിക ഇൻക്രിമെന്റും നോഷണൽ അടിസ്ഥാനത്തിലുള്ള മുൻകാല പ്രാബല്യത്തോടെ 1-8-2000 മുതൽ പുനസ്ഥാപിച്ചു അനുവദിച്ചിരിക്കുന്നതാകയാൽ 7/2006 മുതൽ ഇൻസ്പെക്ടർ I-ാം ഗ്രേഡ് തസ്തികയിലേക്ക് അനുവദിച്ച പ്രൊമോഷനുകൾ ഈ ഉത്തരവിനാൽ റദ്ദു ചെയ്തിരിക്കുന്നു. നിലവിലുള്ള ഇൻസ്പെക്ടർ I-ഉം II-ഉം ഗ്രേഡുകളിലെ ജീവനക്കാർ മേലിൽ ഇൻസ്പെക്ടർ എന്ന തസ്തികയിൽ ആയിരിക്കുന്നതാണ്.

**ഇതിന്റെ കൂടുതൽ വിശദീകരണങ്ങളടങ്ങിയ ഉത്തരവ് പേഴ്സണൽ വിഭാഗത്തിൽ നിന്ന് പുറപ്പെടുവിക്കുന്നതാണ്.**

**XIII. <u>മെക്കാനിക് ഗ്രേഡ് II-ൽ നേരിട്ടുള്ള നിയമനം.</u>**

മെക്കാനിക്കൽ ജീവനക്കാരിലെ ആട്ടോ വിഭാഗത്തിലേക്കുള്ള പ്രഥമ നിയമനം വർക്ക് അസിസ്റ്റന്റ് തസ്തികയിൽ നടന്നു വന്നിരുന്ന രീതിക്ക് പകരം ടി തസ്തികയുടെ ഗ്രേഡ് പ്രൊമോഷൻ (ജോലി സ്വഭാവത്തിൽ വ്യത്യാസമില്ലാതെയുള്ള) തസ്തികയായ മെക്കാനിക്ക് ഗ്രേഡ് II-ൽ (സ്കെയിൽ നമ്പർ 3-ൽ) ഇനിയുള്ള കാലം സ്ഥിരം നിയമനം നടത്തുന്നതാണ്. വർക്ക് അസിസ്റ്റന്റ് നിയമനത്തിന് നിലവിലുള്ള യോഗ്യതകളായ എസ്.എസ്.എൽ.സി. വിജയവും, ഐ.ടി.ഐ. സർട്ടിഫിക്കറ്റും ആയിരിക്കും ഈ തസ്തികയ്ക്കുള്ള അടിസ്ഥാന യോഗ്യത. വർക്ക് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിന് പി.എസ്.സി. നടപടികൾ നടത്തിയിരിക്കെ മേലിലുള്ള നിയമനങ്ങളെ സംബന്ധിച്ച് പി.എസ്.സി.യുമായി അലോചിച്ച് തീരുമാനിക്കുന്നതാണ്. എന്നാൽ 1-3-2006-ൽ നിലവിലുള്ള വർക്ക് അസിസ്റ്റന്റുമാരെ 1-3-2006-ലോ അല്ലെങ്കിൽ ഓപ്ഷൻ തീയതിയിലോ മെക്കാനിക്ക് ഗ്രേഡ് II തസ്തികയിലേക്ക് മാറ്റുന്നതാണ്.

ഇതിലേക്കായി അവരുടെ നിലവിലുള്ള സ്കെയിലിനെ അടിസ്ഥാനമാക്കി 1-3-2006/ഓപ്ഷൻ തീയതിയിൽ ശമ്പള നിർണ്ണയം നടത്തിയ ശേഷം പുതിയ തസ്തികയുടെ പുതിയ സ്കെയിലിൽ ഉൾപ്പെടുത്തുന്നതാണ്.

1-3-2006-നും അതിനു ശേഷവും വർക്ക് അസിസ്റ്റന്റ് തസ്തികയിൽ നിയമിക്കപ്പെട്ടവരെ പുതിയ സ്കെയിലിലെ ശമ്പളത്തിന്റെ സാമ്പത്തികാനുകൂല്യം അനുവദിക്കുന്ന തീയതിയിൽ മെക്കാനിക്ക് ഗ്രേഡ് II തസ്തികയിലേക്ക് മാറ്റുന്നതാണ്.

പുതിയതായി മെക്കാനിക്ക് ഗ്രേഡ് II-ൽ നിയമിക്കപ്പെടുന്നവർക്ക് സ്ഥിര നിയമനത്തിന് മുമ്പായി 3 മാസത്തെ പരിശീലനം നിർബ്ബന്ധിതമായിരിക്കുന്നതാണ്.

## XIV. <u>കമ്പ്യൂട്ടർ ഹാർഡ് വെയർ സൂപ്പർവൈസർക്ക് വ്യക്തിഗത ശമ്പളം (Personal Pay)</u>

ചീഫ് ആഫീസിലെ കമ്പ്യൂട്ടർ ഹാർഡ് വെയർ സൂപ്പർവൈസർക്ക് പ്രതിമാസം അഞ്ഞൂറ് (500/-) രൂപ വ്യക്തിഗത ശമ്പളം (Personal Pay) പുതുക്കിയ ശമ്പളത്തിന്റെ സാമ്പത്തികാനുകൂല്യം അനുവദിക്കുന്നതോടൊപ്പം നൽകുന്നതാണ്. ഈ വ്യക്തിഗത ശമ്പളം എല്ലാ ആനുകൂല്യങ്ങൾക്കും കണക്കിലെടുക്കുന്നതാണ്. എന്നാൽ ഈ ആനുകൂല്യത്തിന് പൂർവ്വകാല പ്രാബല്യമുണ്ടായിരിക്കുന്നതല്ല.

## XV. <u>പരിശീലന കാല വേതനം (Consolidated stipend)</u>

അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ തസ്തിക ഉൾപ്പടെ മെക്കാനിക്കൽ വിഭാഗത്തിലെ വിവിധ തസ്തികകളിൽ പ്രഥമ നിയമനത്തിന് മുന്നോടിയായിട്ടുള്ള പരിശീലന കാലത്തേക്കു (Pre-appointment training period) ള്ള പ്രതിമാസ പരിശീലന കാല വേതനം അതാതു തസ്തികയുടെ പരിഷ്ക്കരിച്ച സ്കെയിലിന്റെ തുടക്കത്തിലെ അടിസ്ഥാന ശമ്പളത്തിന് തുല്യമായ നിരക്കിൽ ഇനിമേൽ അനുവദിക്കുന്നതാണ്. **<u>ഇപ്രകാരം പരിഷ്ക്കരിച്ച നിരക്കിന് പുതുക്കിയ ശമ്പളത്തിന്റെ സാമ്പത്തികാനുകൂല്യം അനുവദിക്കുന്ന തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.</u>**

## XVI. <u>റേഷ്യോ (കേഡർ) പ്രൊമോഷനുള്ള സീനിയോറിറ്റി</u>

(1) ഗ്രേഡ് പ്രൊമോഷൻ ചട്ടങ്ങൾ 2-3-1987-ൽ നിലവിൽ വന്നതു മുതൽ ജീവനക്കാർക്ക് അതതു വിഭാഗത്തിന്റെ ആദ്യത്തെ റേഷ്യോ (കേഡർ) പ്രൊമോഷൻ പ്രസ്തുത റേഷ്യോ (കേഡർ) പ്രൊമോഷൻ തസ്തികയ്ക്ക് തൊട്ട് താഴെയുള്ള തസ്തികയിൽ (സമയ ബന്ധിത ഗ്രേഡ് പ്രൊമോഷൻ തസ്തികയോ അല്ലാത്ത തസ്തികയോ) നിന്നും സീനിയോറിറ്റി അടിസ്ഥാനമാക്കിയാണ് നൽകി വന്നിട്ടുള്ളത്. എന്നാൽ ഈ അടുത്ത കാലത്തായി ഇക്കാര്യത്തിൽ ചില സംശയങ്ങളും തർക്കങ്ങളുമുണ്ടായിട്ടുണ്ട്.

(2) 2-3-1987 വരെ ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യതകൾ താരതമ്യേന പരിമിതമായിരുന്നു. ഈ സാഹചര്യം കണക്കിലെടുത്തും എന്നാൽ അടിസ്ഥാന കാറ്റഗറിയിൽ നിന്നുള്ള സേവന ലഭ്യത ഉറപ്പാക്കിക്കൊണ്ടുമാണ് അന്ന് നിലവിലുണ്ടായിരുന്ന റേഷ്യോ (കേഡർ) പ്രൊമോഷനുകൾക്ക് തുല്യമായി ജോലിയുടെ സ്വഭാവത്തിൽ വ്യത്യാസമില്ലാതെയുള്ള ഇപ്പോഴത്തെ സമയ ബന്ധിത ഗ്രേഡ് പ്രൊമോഷനുകൾ 1987 കരാറിന്റെ ഭാഗമായി 2-3-1987 മുതൽക്ക് നടപ്പാക്കിയത്. ആകയാൽ പ്രസ്തുത സമയ ബന്ധിത ഗ്രേഡ് പ്രൊമോഷനുകൾ സർക്കാരിൽ നിലിവിലുള്ള വിവിധ താല്ക്കാലിക ഗ്രേഡ് പ്രൊമോഷനുകളിൽ നിന്നും എല്ലാ അർത്ഥത്തിലും വ്യത്യസ്തവും ഇവിടെ നിലവിലുള്ള റേഷ്യോ

(കേഡർ) പ്രൊമോഷനുകൾ (ജോലിയുടെ സ്വഭാവത്തിൽ മാറ്റമില്ലായെന്നുള്ളതൊഴിച്ച്) ക്ക് തുല്യവുമാണ്.

(3) ആകയാൽ എല്ലാ വിഭാഗം ജീവനക്കാരുടെയും ആദ്യത്തെ റേഷ്യോ (കേഡർ) പ്രൊമോഷൻ ലഭിക്കുന്നതിന് ഒരു ജീവനക്കാരന്റെ നിലവിലുള്ള സ്ഥാനം റേഷ്യോ (കേഡർ) പ്രൊമോഷൻ തസ്തികയ്ക്ക് തൊട്ടു താഴെയുള്ള തസ്തികയിൽ (സമയ ബന്ധിത ഗ്രേഡ് പ്രൊമോഷൻ തസ്തികയോ അല്ലാത്ത തസ്തികയോ) ആയിരിക്കണം എന്ന തത്വം മേലിലും ബാധകമായിരിക്കുന്നതാണ്.

എന്നാൽ വിദേശത്തോ സ്വദേശത്തോ ജോലിക്കും ജോലി അന്വേഷിക്കുന്നതിനും അവിടങ്ങളിൽ ജോലി ചെയ്യുന്ന ഭർത്താവിനൊപ്പം/ഭാര്യക്കൊപ്പം താമസിക്കുന്നതിനും മുൻകൂർ അനുമതിയോടെ ശൂന്യ വേതന അവധിയിൽ പ്രവേശിച്ച ശേഷം തിരികെ ജോലിക്ക് പ്രവേശിക്കുമ്പോൾ അന്നേ തീയതിയിൽ അവരുടെ റാങ്കും സീനിയോറിറ്റിയും പുനർ നിർണ്ണയിക്കുന്നതാണ്.

ഈ ഖണ്ഡത്തിലെ വ്യവസ്ഥകൾ നിലവിലുള്ള ഗ്രേഡ് പ്രൊമോഷൻ ചട്ടങ്ങളുടെ ഭാഗമായിരിക്കുന്നതാണ്.

**XVII. സമയ ബന്ധിത ഗ്രേഡ് പ്രൊമോഷനുകൾ**

വിവിധ വിഭാഗം ജീവനക്കാരുടെ (I-ഉം II-ഉം സ്കെയിലുകളിൽ പ്രഥമ നിയമനം ലഭിക്കുന്ന വിഭാഗങ്ങൾക്ക് 1-5-2000-ൽ അനുവദിച്ച സ്പെഷ്യൽ ഗ്രേഡുകൾ ഉൾപ്പടെ) നിലവിലുള്ള സമയ ബന്ധിത ഗ്രേഡ് പ്രൊമോഷനുകൾ മാറ്റമില്ലാതെ തുടരുന്നതാണ്.

**സമയ ബന്ധിത ഗ്രേഡ് പ്രൊമോഷനുകൾ അനുവദിക്കുന്നതിനുള്ള അധികാരം:-** എല്ലാ വിഭാഗം ജീവനക്കാരുടെയും സമയ ബന്ധിത ഗ്രേഡ് പ്രൊമോഷനുകൾ (ഈ കരാറിലൂടെ ഇദംപ്രഥമമായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള പ്രൊവിഷണൽ ഗ്രേഡ് പ്രൊമോഷനുകൾ ഉൾപ്പടെ) പൊതുവിൽ യൂണിറ്റുകളിൽ അനുവദിക്കുന്നതാണ്. എന്നാൽ വിദേശത്തോ സ്വദേശത്തോ ജോലിക്കും വിദേശത്ത് ജോലി അന്വേഷിക്കുന്നതിനും അവിടങ്ങളിൽ ജോലി ചെയ്യുന്ന ഭർത്താവിനൊപ്പം/ഭാര്യക്കൊപ്പം താമസിക്കുന്നതിനും മുൻകൂർ അനുമതിയോടെ ശൂന്യ വേതന അവധിയിൽ പ്രവേശിച്ച ശേഷം തിരികെ ജോലിക്ക് ചേർന്നവരുടെ 'ടി' പ്രൊമോഷനുകൾ അനുവദിക്കുന്നതിനുള്ള അധികാരം ഇനിമേൽ ചീഫ് ആഫീസിൽ നിക്ഷിപ്തമായിരിക്കും. 'ടി' ശൂന്യ വേതന അവധിക്കാലം സമയ ബന്ധിത ഗ്രേഡ് പ്രൊമോഷന് യോഗ്യ സേവന കാലമായി കണക്കാക്കുകയില്ലെന്ന നടപ്പ് തത്വത്തിന് മാറ്റമുണ്ടായിരിക്കുന്നതല്ല.

**XVIII. പുതിയ സമയ ബന്ധിത ഗ്രേഡ് പ്രൊമോഷനുകൾ**

താഴെപ്പറയുന്ന പുതിയ ഗ്രേഡ് പൊമോഷനുകൾ, ജോലിയുടെ സ്വഭാവത്തിൽ മാറ്റം ഇല്ലാതെ ശമ്പള പരിഷ്ക്കരണത്തിന്റെ സാമ്പത്തികാനുകൂല്യം നടപ്പിൽ വരുന്ന തീയതി മുതൽക്കുള്ള പ്രാബല്യത്തോടെ അനുവദിക്കുന്നതാണ്. ഈ ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള എല്ലാ ഗ്രേഡ് പ്രൊമോഷൻ വ്യവസ്ഥകളും നിലവിലുള്ള സമയ ബന്ധിത ഗ്രേഡ് പ്രൊമോഷൻ ചട്ടങ്ങളുടെ ഭാഗമായിരിക്കുന്നതാണ്.

1. ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയ്ക്ക് നിലവിലുള്ള ഗ്രേഡ് I-ന് മുകളിൽ ആകെ പതിനഞ്ച് (15) വർഷത്തെ യോഗ്യ സേവന കാലവും ഗ്രേഡ് I-ൽ മാത്രം ആറ് (6)

വർഷത്തെ യോഗ്യ സേവന കാലവും പൂർത്തിയാക്കുമ്പോൾ സ്കെയിൽ നമ്പർ III-ൽ സെലക്ഷൻ ഗ്രേഡും ആകെ പതിനെട്ട് (18) വർഷത്തെ യോഗ്യ സേവന കാലവും സെലക്ഷൻ ഗ്രേഡിൽ മാത്രം മൂന്ന് (3) വർഷത്തെ യോഗ്യ സേവന കാലവും പൂർത്തിയാക്കുന്ന മുറയ്ക്ക് സ്കെയിൽ നമ്പർ IV-ൽ സ്പെഷ്യൽ ഗ്രേഡും നിലവിലുള്ള ഗ്രേഡ് പ്രൊമോഷൻ ചട്ടങ്ങൾ പ്രകാരം അനുവദിക്കുന്നതാണ്.

2. I-ഉം II-ഉം സ്കെയിലുകളിൽ പ്രഥമ നിയമനം ലഭിക്കുന്നവരും ഉയർന്ന തസ്തികയിലുള്ള കേഡർ പ്രൊമോഷന് അവസരമില്ലാത്തവരുമായ താഴെപ്പറയുന്ന വിഭാഗങ്ങൾക്കും, കൂടാതെ പ്രത്യേക പരിഗണനയർഹിക്കുന്ന ചില വിഭാഗങ്ങൾക്കും അതാതു വിഭാഗത്തിൽ ഇരുപത്തിയഞ്ച് (25) വർഷക്കാലത്തെ ആകെ യോഗ്യ സേവന കാലവും സ്പെഷ്യൽ ഗ്രേഡിൽ മാത്രം ഏഴ് വർഷത്തെ യോഗ്യ സേവന കാലവും പൂർത്തിയാക്കുന്ന മുറയ്ക്ക് ഒരു ഉയർന്ന ഗ്രേഡ് അതത് വിഭാഗത്തിന്റെ സ്പെഷ്യൽ ഗ്രേഡിന് നിലവിലുള്ള സ്കെയിലിന്റെ തൊട്ടു മുകളിലുള്ള സ്കെയിലിൽ അനുവദിക്കുന്നതാണ്.

- ❖ പ്യൂൺ, സ്വീപ്പർ,സ്വീപ്പർ കം-സ്കാവഞ്ചർ,ഗാരേജ് മസ്ദൂർ (സ്കെയിൽ നമ്പർ I-ൽ പ്രഥമ നിയമനം)
- ❖ പമ്പ് ഓപ്പറേറ്റർ, ബൈൻഡർ, ഡെക്ക്മാൻ (സ്കെയിൽ നമ്പർ II-ൽ പ്രഥമ നിയമനം)
- ❖ ടിക്കറ്റ് ഇഷ്യൂവർ, ടിക്കറ്റ് എക്സാമിനർ, സ്രാങ്ക് (പ്രത്യേക പരിഗണന)

2.(1) **സ്റ്റോർ ഇഷ്യൂവർ സെലക്ഷൻ ഗ്രേഡിൽ നിന്നും സ്റ്റോർ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രൊമോഷന് നിശ്ചിത യോഗ്യതയില്ലാത്തവർക്കുള്ള ഗ്രേഡ്**

സ്റ്റോർ ഇഷ്യൂവർ സെലക്ഷൻ ഗ്രേഡിലുള്ളവർക്ക് സ്റ്റോർ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രൊമോഷന് നിശ്ചിത യോഗ്യതയില്ലാത്തതിനാലും മറ്റ് ഗ്രേഡ് പ്രൊമോഷനുകൾക്ക് അവസരമില്ലാത്തതിനാലും അതേ വിഭാഗത്തിൽ ആകെ യോഗ്യ സേവന കാലം ഇരുപത്തിയഞ്ച് (25) വർഷം പൂർത്തിയാക്കുകയും അതേസമയം സെലക്ഷൻ ഗ്രേഡിൽ മാത്രം പത്ത് (10) വർഷത്തെ യോഗ്യ സേവന കാലം പൂർത്തിയാക്കുകയും ചെയ്യുന്ന മുറയ്ക്ക് ജോലിയുടെ സ്വഭാവത്തിൽ മാറ്റമില്ലാതെയുള്ള **ഒരു ഉയർന്ന ഗ്രേഡ് (സ്കെയിൽ നമ്പർ V-ൽ) നൽകുന്നതാണ്.** ഈ ഉത്തരവ് തീയതിയിൽ ടി തസ്തികയിൽ നിലവിലുള്ളവർക്കു മാത്രമായി ടി ആനുകൂല്യം പരിമിതപ്പെടുത്തിയിരിക്കുന്നു.

2 (2). **സ്റ്റോർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് സ്റ്റോർ കീപ്പർ ഗ്രേഡ് II തസ്തികയിലേക്കുള്ള പ്രൊമോഷന് നിശ്ചിത യോഗ്യതയില്ലാത്തവർക്കുള്ള ഗ്രേഡ്**

സ്റ്റോർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് സ്റ്റോർ കീപ്പർ ഗ്രേഡ് II തസ്തികയിലേക്കുള്ള പ്രൊമോഷന് നിശ്ചിത യോഗ്യതയില്ലാത്തതിനാൽ അതേ തസ്തികയിൽ തന്നെ തുടരേണ്ടി വന്ന സ്റ്റോർ അസിസ്റ്റന്റുമാർക്ക് 'ടി' തസ്തികയിൽ ഇരുപത്തിയഞ്ച് (25) വർഷം തികയുന്ന മുറയ്ക്ക് ഒരു ഉയർന്ന ഗ്രേഡ് (സ്കെയിൽ നമ്പർ V-ൽ) അനുവദിക്കുന്നതാണ്.

3. **ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)/ഓവർസീയർ തസ്തികയ്ക്ക് സ്പെഷ്യൽ ഗ്രേഡ്**

ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)/ഓവർസീയർ തസ്തികയ്ക്ക് നിലവിലുള്ള സെലക്ഷൻ ഗ്രേഡിന് മുകളിൽ അതേ വിഭാഗത്തിൽ ആകെ പതിനെട്ട് (18) വർഷത്തെ യോഗ്യ സേവന കാലവും സെലക്ഷൻ ഗ്രേഡിൽ മാത്രം മൂന്ന് (3)

വർഷത്തെ യോഗ്യ സേവന കാലവും പൂർത്തിയാക്കുന്ന മുറയ്ക്ക് 10-ാമത്തെ സ്കെയിലിൽ സ്പെഷ്യൽ ഗ്രേഡ് പ്രൊമോഷൻ അനുവദിക്കുന്നതാണ്.

## 4. <u>പ്രൊവിഷണൽ ഗ്രേഡ് പ്രൊമോഷനുകൾ</u>

കോർപ്പറേഷനിലെ വിവിധ തസ്തികകളിലെ ജീവനക്കാരായിരിക്കെ ഇന്റേണൽ സെലക്ഷൻ മുഖേന അസിസ്റ്റന്റ് സ്റ്റോർ കീപ്പർ ഗ്രേഡ് II, ഇലക്ട്രീഷ്യൻ ഗ്രേഡ് II, ടയർ ഇൻസ്പെക്ടർ ഗ്രേഡ് II എന്നീ തസ്തികകളിൽ **<u>നാളിതു വരെ</u>** നിയമനം ലഭിച്ച ജീവനക്കാർക്കു ആദ്യത്തെ തസ്തികയിലെ സേവന കാലത്തിന്റെ പരമാവധി 5 വർഷത്തെ യോഗ്യ സേവന കാലം കൂടി പരിഗണിച്ച് താഴെപ്പറയുന്ന **പ്രൊവിഷണൽ ഗ്രേഡ് പ്രൊമോഷനുകൾ** സമയബന്ധിതമായി അനുവദിക്കുന്നതാണ്.

| | | |
|---|---|---|
| (എ) | അസിസ്റ്റന്റ് സ്റ്റോർ കീപ്പർ പ്രൊവിഷണൽ ഗ്രേഡ് I | ടി 5 വർഷം ഉൾപ്പടെ 9 വർഷത്തെ ആകെ യോഗ്യ സേവനകാലത്തിന് സ്കെയിൽ നമ്പർ VIII-ൽ |
| | | |
| | അസിസ്റ്റന്റ് സ്റ്റോർ കീപ്പർ പ്രൊവിഷണൽ സെലക്ഷൻ ഗ്രേഡ് | ടി 5 വർഷം ഉൾപ്പടെ 15 വർഷത്തെ ആകെ യോഗ്യ സേവനകാലത്തിന` സ്കെയിൽ നമ്പർ IX-ൽ |
| (ബി) | ഇലക്ട്രീഷ്യൻ പ്രൊവിഷണൽ ഗ്രേഡ് I | ടി 5 വർഷം ഉൾപ്പടെ 8 വർഷത്തെ ആകെ യോഗ്യ സേവനകാലത്തിന് സ്കെയിൽ നമ്പർ VI-ൽ |
| | | |
| | ഇലക്ട്രീഷ്യൻ പ്രൊവിഷണൽ സെല: ഗ്രേഡ് | ടി 5 വർഷം ഉൾപ്പടെ 14 വർഷത്തെ ആകെ യോഗ്യ സേവനകാലത്തിന് സ്കെയിൽ നമ്പർ VIII-ൽ |
| | | |
| | ഇലക്ട്രീഷ്യൻ പ്രൊവിഷണൽ സ്പെഷ്യൽ ഗ്രേഡ് | ടി 5 വർഷം ഉൾപ്പടെ 17 വർഷത്തെ ആകെ യോഗ്യ സേവനകാലത്തിന് സ്കെയിൽ നമ്പർ IX-ൽ |
| | | |
| (സി) | ടയർ ഇൻസ്പെക്ടർ പ്രൊവിഷണൽ ഗ്രേഡ് I | ടി 5 വർഷം ഉൾപ്പടെ 8 വർഷത്തെ ആകെ യോഗ്യ സേവനകാലത്തിന് സ്കെയിൽ നമ്പർ VI-ൽ |
| | ടയർ ഇൻസ്പെക്ടർ പ്രൊവിഷണൽ സെല: ഗ്രേഡ് | ടി 5 വർഷം ഉൾപ്പടെ 14 വർഷത്തെ ആകെ യോഗ്യ സേവനകാലത്തിന് സ്കെയിൽ നമ്പർ VIII-ൽ |
| | | |
| | ടയർ ഇൻസ്പെക്ടർ പ്രൊവിഷണൽ സ്പെഷ്യൽ ഗ്രേഡ് | ടി 5 വർഷം ഉൾപ്പടെ 17 വർഷത്തെ ആകെ യോഗ്യ സേവനകാലത്തിന് സ്കെയിൽ നമ്പർ IX-ൽ |

പ്രൊവിഷണൽ ഗ്രേഡ് പ്രൊമോഷൻ ലഭിച്ച ജീവനക്കാരന് തസ്തികയുടെ നിലവിലുള്ള സമയ ബന്ധിത ഗ്രേഡ് പ്രൊമോഷന് അർഹത നേടുമ്പോൾ പ്രൊവിഷനൽ ഗ്രേഡ് പ്രൊമോഷനെ പ്രസ്തുത സമയ ബന്ധിത ഗ്രേഡ് പ്രൊമോഷനായി ക്രമീകരിച്ച് നൽകുന്നതാണ്. ഇങ്ങനെ ക്രമീകരിച്ച് നൽകുമ്പോൾ ശമ്പള പുന:നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. പ്രൊവിഷണൽ ഗ്രേഡ് പ്രൊമോഷനുകളെ സമയബന്ധിത ഗ്രേഡ് പ്രൊമോഷനുകൾക്ക് തുല്യമായി പരിഗണിക്കുന്നതല്ല.

## 5. <u>നോൺ കേഡർ പ്രൊമോഷൻ (Non-cadre promotion)</u>

സ്റ്റെനോഗ്രാഫർ സ്പെഷ്യൽ ഗ്രേഡിൽ 10 വർഷം പൂർത്തിയാക്കിയവർക്ക് ഹയർ ഡിവിഷൻ ആഫീസർമാരുടെ 1-ാമത്തെ പരിഷ്ക്കരിച്ച സ്കെയിലിൽ (ഈ വിഭാഗത്തിനുള്ള പ്രൊമോഷൻ തസ്തികയായ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയുടെ സ്കെയിൽ) നോൺ കേഡർ പ്രൊമോഷൻ അനുവദിക്കുന്നതാണ്.

## 6. <u>മെക്കാനിക് ഗ്രേഡ് II തസ്തികയുടെ ഗ്രേഡ് പ്രൊമോഷൻ</u>

'ടി' ഖണ്ഡം XIII പ്രകാരം മെക്കാനിക്കൽ (ആട്ടോ) വിഭാഗത്തിന്റെ പ്രഥമ നിയമന തസ്തികയായി മെക്കാനിക്ക് ഗ്രേഡ് II നിശ്ചയിച്ചു കഴിഞ്ഞതിനാൽ നിലവിലുള്ള ചട്ടങ്ങളനുസരിച്ച് മെക്കാനിക്ക് ഗ്രേഡ് II തസ്തികയിൽ നിന്നുമുള്ള സമയ ബന്ധിത ഗ്രേഡ് പ്രൊമോഷൻ ലഭിക്കുന്നതിനുള്ള യോഗ്യ സേവന കാലം ഇനി പറയും പ്രകാരം കണക്കാക്കുന്നതാണ്.

1. മെക്കാനിക്ക് ഗ്രേഡ് II തസ്തികയിൽ ആകെ ഒമ്പത് (9) വർഷത്തെ യോഗ്യ സേവന കാലത്തിന് മെക്കാനിക്ക് ഗ്രേഡ് I-ഉം; I-ഉം II-ഉം ഗ്രേഡുകളിൽ ആകെ പതിനഞ്ച് (15) വർഷത്തെ യോഗ്യ സേവന കാലവും ഗ്രേഡ് I-ൽ മാത്രം ആറ് (6) വർഷത്തെ യോഗ്യ സേവന കാലവും പൂർത്തിയാക്കുന്ന മുറയ്ക്ക് മെക്കാനിക്ക് സെലക്ഷൻ ഗ്രേഡും സെലക്ഷൻ ഗ്രേഡ് വരെ ആകെ പതിനെട്ട് (18) വർഷത്തെ യോഗ്യ സേവന കാലവും സെലക്ഷൻ ഗ്രേഡിൽ മാത്രം മൂന്ന് (3) വർഷത്തെ യോഗ്യ സേവന കാലവും പൂർത്തിയാക്കുന്ന മുറയ്ക്ക് മെക്കാനിക്ക് സ്പെഷ്യൽ ഗ്രേഡും **<u>'ടി' ഗ്രേഡുകൾക്ക് നിലവിലുള്ള സ്കെയിലുകളിൽ തന്നെ അനുവദിക്കുന്നതാണ്.</u>**

(എ) മെക്കാനിക്ക് ഗ്രേഡ് II-ലെ പ്രഥമ നിയമനത്തിന് മുന്നോടിയായുള്ള പരിശീലന കാലം 'ടി' ഗ്രേഡ് പ്രൊമോഷനുകൾക്കുള്ള യോഗ്യ സേവന കാലമായി കണക്കാക്കുന്നതാണ്.

(ബി) മെക്കാനിക്ക് ഗ്രേഡ് II-ലെ നിലവിലുള്ള ജീവനക്കാർക്ക് അവർ വർക്ക് അസിസ്റ്റന്റ് തസ്തികയിൽ ചെലവഴിച്ച യോഗ്യ സേവന കാലം (പ്രഥമ നിയമനത്തിന് മുന്നോടിയായുള്ള പരിശീലന കാലം ഉൾപ്പടെ) 'ടി' ഗ്രേഡ് പ്രൊമോഷനുകൾക്ക് കണക്കാക്കുന്നതാണ്.

(സി) നിലവിൽ വർക്ക് അസിസ്റ്റന്റ് തസ്തികയിലുള്ള ഈ കരാർ വ്യവസ്ഥകൾ പ്രകാരം മെക്കാനിക്ക് ഗ്രേഡ് II-ലേക്ക് മാറ്റപ്പെടുന്ന ജീവനക്കാർക്ക് അവർ വർക്ക് അസിസ്റ്റന്റ് തസ്തികയിൽ ചെലവഴിച്ച യോഗ്യ സേവന കാലം (പ്രഥമ നിയമനത്തിന് മുന്നോടിയായുള്ള പരിശീലന കാലം ഉൾപ്പടെ) 'ടി' ഗ്രേഡ് പ്രൊമോഷനുകൾക്ക് കണക്കാക്കുന്നതാണ്.

## 7. <u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കപ്പെട്ട് 2001-ൽ റഗുലറൈസ് ചെയ്യപ്പെട്ട ജീവനക്കാരുടെ സമയ ബന്ധിത ഗ്രേഡ് പ്രൊമോഷൻ</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കപ്പെട്ട് 2001-ൽ റഗുലറൈസ് ചെയ്യപ്പെട്ട ജീവനക്കാർക്ക് കോർപ്പറേഷനിലെ താല്ക്കാലിക സേവന കാലം വിവിധ സർവീസ് പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കിലെടുക്കണമെന്ന ആവശ്യം വിവിധ തലങ്ങളിൽ ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത താല്ക്കാലിക സേവന കാലം പെൻഷനാനുകൂല്യങ്ങൾക്ക് യോഗ്യതാ സർവീസായി പരിഗണിക്കണമെന്ന ബഹു: കോടതി വിധി ഇതിനകം നടപ്പിലാക്കിയിട്ടുമുണ്ട്. എന്നാൽ 'ടി' സേവന കാലം വിവിധ സർവീസാനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളിൽ

വ്യവസ്ഥയില്ലാത്തതും സർക്കാർ നിർദ്ദേശം ഇല്ലാത്തതുമാണ്. എങ്കിലും ഇക്കാര്യം അനുഭാവപൂർവ്വം കണക്കിലെടുക്കുകയും അതിന്റെയടിസ്ഥാനത്തിൽ പരമാവധി ആനുകൂല്യമെന്ന നിലയിൽ പ്രസ്തുത ജീവനക്കാർക്ക് നിലവിലുള്ള സമയ ബന്ധിത ഗ്രേഡ് പ്രൊമോഷനുകൾ ഇനി മുതൽ താഴെപ്പറയും പ്രകാരം അനുവദിക്കുന്നതാണ്.

സ്ഥിരം നിയമനത്തിനു മുമ്പുള്ള പന്ത്രണ്ട് (12) വർഷവും അതിൽ കൂടുതലും കാലത്തെ താല്ക്കാലിക സേവന കാലം പരിഗണിച്ച് പ്രസ്തുത കാലയളവിലെ അഞ്ച് (5) വർഷം കൂടി അതതു തസ്തികയിലെ സമയ ബന്ധിത ഗ്രേഡ് പ്രൊമോഷനുകൾക്ക് യോഗ്യ സേവന കാലമായി കണക്കാക്കുന്നതാണ്.

**XIII, XVI മുതൽ XVIII എന്നീ ഖണ്ഡങ്ങളെ സംബന്ധിച്ച് വിശദമായ ഉത്തരവ് പേഴ്സണൽ വിഭാഗത്തിൽ നിന്ന് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.**

## XIX. സ്റ്റെൻസിൽ ഓപ്പറേറ്ററുടെ ജോലി

ചീഫ് ആഫീസിൽ പ്യൂൺ തസ്തികയിൽ ജോലി ചെയ്യുന്നവരിൽ സമ്മതമുള്ളവരിൽ നിന്നും രണ്ട് (2) പേരെ സീനിയോറിറ്റി അടിസ്ഥാനത്തിൽ സ്റ്റെൻസിൽ ഓപ്പറേറ്ററുടെ ജോലിക്ക് പുനർ വിന്യാസത്തിലൂടെ നിയമിക്കുന്നതാണ്.

## XX. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് (Medical Reimbursement)

(എ) കോർപ്പറേഷൻ ജീവനക്കാർക്ക് നിലവിലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സ്കീം തുടരും. എന്നാൽ ഒരു ജീവനക്കാരന്റെ ആകെ സർവീസ് കാലത്ത് അനുവദിക്കാവുന്ന പരമാവധി തുക 1,50,000 (ഒരു ലക്ഷത്തി അമ്പതിനായിരം) രൂപയായി വർദ്ധിപ്പിക്കും. ചികിൽസിക്കുന്ന ആശുപത്രിയിലെ തക്ക അധികാരി നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഈ തുകയുടെ 75% വരെ വ്യവസ്ഥകൾക്ക് വിധേയമായി മുൻകൂർ (Advance) അനുവദിക്കും. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലെ ചികിൽസയ്ക്കും (Treatment in Notified Hospitals) റീ-ഇംബേഴ്സ്മെന്റ് അനുവദിക്കും. നിലവിലുള്ള 'ടി' ആശുപത്രികളുടെ പട്ടിക അനുബന്ധം VI-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ ആവശ്യത്തിലേക്കായി കാലാകാലങ്ങളിൽ സർക്കാർ അംഗീകരിക്കുന്ന ആശുപത്രികൾ കോർപ്പറേഷന് ബാധകമായിരിക്കുന്നതാണ്.

(ബി) കോർപ്പറേഷനിൽ ഡ്യൂട്ടി അനുഷ്ഠിക്കുന്നതിനിടെ ഉണ്ടാകുന്ന അപകടങ്ങളിൽ പെടുന്ന ജീവനക്കാർക്ക് തൊട്ടടുത്ത സ്വകാര്യ ആശുപത്രിയിലെ (Non-Notified Hospital ആയാൽ പോലും) ജീവൻ രക്ഷാർത്ഥമുള്ള അടിയന്തിര ചികിൽസയ്ക്ക് റീ-ഇംബെഴ്സ്മെന്റ് അനുവദിക്കുന്നതാണ്.

(സി) 500/- (അഞ്ഞൂറ്) രൂപ വരെയുള്ള മെഡിക്കൽ റീ-ഇ്ബെഴ്സ്മെന്റ് ക്ലെയിമുകൾ അതാതു യൂണിറ്റുകളിൽ അനുവദിക്കുന്നതാണ്.

(ഡി) ഈ ഖണ്ഡത്തിലെ വ്യവസ്ഥകളിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ളവയ്ക്ക് ഇത് സംബന്ധമായി പ്രത്യേക ഉത്തരവ് പേഴ്സണൽ വിഭാഗത്തിൽ നിന്ന് പുറപ്പെടുവിക്കുന്നതാണ്.

## XXI. പ്രത്യേക ബത്തകൾ (Special Allowances)

(1) ചീഫ് ആഫീസിലെ സ്പെഷ്യൽ മെസഞ്ചർക്ക് (Special Messenger) പ്രതിമാസം 100/- (നൂറ്) രൂപ പ്രത്യേക ബത്ത അനുവദിക്കുന്നതാണ്.

**(2) അനുബന്ധം III-ൽ പറഞ്ഞിട്ടുള്ള പ്രകാരം പരിഷ്ക്കരിച്ചിട്ടുള്ള മറ്റ് പ്രത്യേക ബത്തകൾ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.**

## XXII. <u>കണ്ണടയ്ക്കുള്ള ബത്ത (Spectacle Allowance)</u>

കണ്ണടയ്ക്കുള്ള ബത്ത 300/- രൂപയിൽ നിന്നും 500/- (അഞ്ഞൂറ്) രൂപയായി വർദ്ധിപ്പിക്കും. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കാലാകാലങ്ങളിൽ അനുവദിക്കുന്ന നിരക്കുകൾ അവർക്ക് ബാധകമായ വ്യവസ്ഥകളിന്മേൽ കോർപ്പറേഷനിലും അനുവദിക്കുന്നതാണ്. **ഇത് സംബന്ധിച്ച വിശദമായ ഉത്തരവ് പേഴ്സണൽ വിഭാഗത്തിൽ നിന്ന് പുറപ്പെടുവിക്കുന്നതാണ്.**

## XXIII. <u>യാത്രാ ബത്ത (Travelling Allowance)</u>

യാത്രാ ബത്ത സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ നിരക്കുകൾ അവർക്ക് ബാധകമായ വ്യവസ്ഥകളിന്മേൽ അനുവദിച്ചു വരുന്നത് തുടരുന്നതാണ്. പരിഷ്ക്കരിച്ച സർക്കാർ നിരക്കുകൾ അനുബന്ധം V-ൽ ചേർത്തിരിക്കുന്നു. **ഇത് സംബന്ധിച്ച വിശദമായ ഉത്തരവ് ജനറൽ വിഭാഗത്തിൽ നിന്ന് പുറപ്പെടുവിക്കുന്നതാണ്.**

## XXIV. <u>യൂണിഫാറം - തയ്യൽക്കൂലി അലവൻസ്</u>

യൂണിഫാറം - തയ്യൽക്കൂലി ഇനങ്ങളിൽ വെവ്വേറെ നൽകി വന്നിരുന്ന ആനുകൂല്യങ്ങൾക്ക് പകരം **<u>യൂണിഫാറം അലവൻസ് എന്ന ഒറ്റ അലവൻസ്</u>** താഴെപ്പറയുന്ന വിധത്തിൽ നൽകുന്നതാണ്.

1. (എ) സ്റ്റേഷൻ മാസ്റ്റർ, ഇൻസ്പെക്ടർ, വെഹിക്കിൾ സൂപ്പർവൈസർ, ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ, ചാർജ്മാൻ, ഗാർഡ്, അസിസ്റ്റന്റ് സാർജന്റ്, സാർജന്റ്, ചീഫ് സാർജന്റ് . പ്രതിവർഷം ആയിരം (1000) രൂപ.

   (ബി) യൂണിഫാറം അണിയാൻ നിഷ്ക്കർഷിച്ചിട്ടുള്ള മറ്റ് പുരുഷ/സ്ത്രീ ജീവനക്കാർക്ക് പ്രതിവർഷം എണ്ണൂറ് (800) രൂപ.

2. നിലവിൽ യൂണിഫാറം അണിയാൻ നിഷ്ക്കർഷിക്കപ്പെടിട്ടില്ലാത്ത ജീവനക്കാർക്കും 'ടി' 1(എ)-യിലും (ബി) യിലും പെടുന്നവരിൽ അതത് വിഭാഗത്തിന്റേതല്ലാത്ത ജോലിക്ക് നിയോഗിക്കപ്പെട്ടിട്ടുള്ളവർക്കും യൂണിഫാറം അലവൻസിന് അർഹതയുണ്ടായിരിക്കുന്നതല്ല.

'ടി' അലവൻസ് എല്ലാ വർഷവുംജനുവരി മാസത്തിൽ നൽകുന്നതാണ്.

പുതിയതായി സർവീസിൽ പ്രവേശിച്ചവർക്ക് അതാതു ജനുവരി മാസത്തിന് മുമ്പ് കുറഞ്ഞത് 6 മാസത്തെ സർവീസില്ലാത്ത പക്ഷം യൂണിഫാറം അലവൻസിന് അർഹതയുണ്ടായിരിക്കുന്നതല്ല

ഓരോ വർഷവും ജൂൺ 30 വരെ സർവീസിൽ നിന്നും വിരമിക്കുന്നവർക്ക് യൂണിഫാറം അലവൻസിന് അർഹതയുണ്ടായിരിക്കുന്നതല്ല. **ഇത് സംബന്ധിച്ചുള്ള ഉത്തരവ് ലേബർ വിഭാഗത്തിൽ നിന്ന് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.**

## XXV. <u>ശമ്പളത്തോടെയുള്ള അവധികൾ</u>

1999 സേവന വേതന കരാറിലെ പതിനേഴാം ഖണ്ഡം അനുസരിച്ചുള്ള അവധി തത്വങ്ങൾ മാറ്റമില്ലാതെ തുടരുന്നതാണ്.

## XXVI. റീ-ഇംബേഴ്സ്മെന്റ് ഓഫ് ലീഗൽ എക്സ്പെൻസസ് (Reimbursement of Legal Expenses)

ലീഗൽ എക്സ്പെൻസ് റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ പരമാവധി അനുവദിക്കുന്ന തുക 500/- രൂപയിൽ നിന്നും 1500/- രൂപയായി വർദ്ധിപ്പിക്കും. ഈ ഇനത്തിൽ മുൻകൂറായി അനുവദിക്കാവുന്ന തുക ഇപ്പോഴത്തെ നാനൂറ് (400/-) രൂപയിൽ നിന്നും ആയിരം (1000/-) രൂപയായി വർദ്ധിപ്പിക്കുന്നതാണ്.

(1) കോർപ്പറേഷനാൽ നിയോഗിക്കപ്പെട്ട ജോലി നിർവ്വഹിക്കുന്നതിനിടയിൽ ഉണ്ടായ സംഭവങ്ങൾ കാരണം കോടതികളിൽ കേസിന് പ്രതിസ്ഥാനത്ത് ഹാജരാകേണ്ടി വരുന്ന സ്ഥിരം ജീവനക്കാർക്ക് ലീഗൽ എക്സ്പെൻസ് റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ പരമാവധി അനുവദിക്കുന്ന തുക 500/- രൂപയിൽ നിന്നും 1500/- രൂപയായി വർദ്ധിപ്പിക്കുന്നതാണ്. ഈ ഇനത്തിൽ മുൻകൂറായി അനുവദിക്കാവുന്ന തുക ഇപ്പോഴത്തെ നാനൂറ് (400/-) രൂപയിൽ നിന്നും ആയിരം (1000/-) രൂപയായി വർദ്ധിപ്പിക്കും. 'ടി' മുൻകൂർ തുക അതാതു യൂണിറ്റുകളിൽ അനുവദിക്കുന്നതാണ്. പ്രസ്തുത കേസ് വെറുതെ വിടുന്ന പക്ഷം അവർ യഥാർത്ഥത്തിൽ കോടതിയിൽ ഹാജരായ ദിവസങ്ങൾക്ക് പരമാവധി പതിനഞ്ച് (15) ദിവസം ***പ്രത്യേക അവധി*** (Special Leave) അനുവദിക്കുന്നതാണ്. ഇതിലേക്ക് കോടതിയിൽ നിന്നുള്ള **'ബി ഡയറി'** ഹാജരാക്കേണ്ടതാണ്. കോർപ്പറേഷൻ വാദി ഭാഗത്തുള്ള കേസുകളിൽ പെട്ട ജീവനക്കാർക്ക് പ്രസ്തുത കേസുകളിൽ 'ടി' ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

(2) വിചാരണ കോടതിയിൽ ശിക്ഷിക്കപ്പെടുകയോ വിചാരണ കോടതി വിധിക്കെതിരെയുള്ള അപ്പീലിന്മേൽ പ്രസ്തുത ശിക്ഷ ശരി വയ്ക്കപ്പെടുകയോ ചെയ്താൽ ജീവനക്കാരൻ മുൻകൂറായോ അന്തിമമായോ കൈപ്പറ്റിയ 'ടി' ആനുകൂല്യം ബാദ്ധ്യതയായി കണക്കാക്കി തിരികെ പിടിക്കുന്നതാണ്. അപ്പീൽ കോടതി കേസ് വെറുതെ വിട്ടാൽ 'ടി' ആനുകൂല്യം അനുവദിക്കുന്നതാണ്. എന്നാൽ അപ്പീൽ കോടതിയിൽ കേസിന് ഹാജരായ ദിവസങ്ങളിലേക്ക് "പ്രത്യേക അവധി" (Special Leave) അനുവദിക്കുന്നതല്ല. **ഇത് സംബന്ധിച്ചുള്ള ഉത്തരവ് ലേബർ വിഭാഗത്തിൽ നിന്ന് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.**

## XXVII. ഇൻവാലിഡ് പെൻഷൻ

കേരള സർക്കാരിൽ നിലവിലുള്ള കെ.എസ്.ആർ. പ്രകാരമുള്ള വ്യവസ്ഥകൾ തുടരും. ഇൻവാലിഡ് പെൻഷണർ യഥാർത്ഥ റിട്ടയർമെന്റ് കാലത്തിനുള്ളിൽ മരണപ്പെട്ടാൽ ആശ്രിതന് നിയമനം നൽകുന്നതാണ്. **പ്രത്യേക ഉത്തരവ് പേഴ്സണൽ വിഭാഗത്തിൽ നിന്ന് പുറപ്പെടുവിക്കുന്നതാണ്.**

## XXVIII. പാസ് നിയമങ്ങൾ

നിലവിലുള്ള പാസ് നിയമങ്ങൾ ഇനി പറയുന്ന ഭേദഗതികളോടെയും കൂട്ടിച്ചേർക്കലുകളോടെയും തുടരുന്നതാണ്.

1. പച്ച ബോർഡർ ഡ്യൂട്ടി കാർഡ് പാസ് (Green bordered pass) ഉപയോഗിച്ച് സഞ്ചരിക്കാവുന്ന ദൂരം പരമാവധി 20 കി:മീറ്റർ ആയി വർദ്ധിപ്പിക്കുന്നതാണ്.

2. പതിനഞ്ച് വർഷത്തെ യോഗ്യ സേവന കാലം പൂർത്തിയാക്കിയ എല്ലാ വിഭാഗം ജീവനക്കാർക്കും ത്രൂഔട്ട് ദി സിസ്റ്റം (Throughout the system) പാസ് അനുവദിക്കുന്നതാണ്.

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം പന്ത്രണ്ട് (12) വർഷവും അതിലധികവും സേവനമനുഷ്ഠിച്ചതിന്റെ അടിസ്ഥാനത്തിൽ 2001-ൽ സർക്കാർ ഉത്തരവുകൾ പ്രകാരം റഗുലറൈസ് ചെയ്യപ്പെട്ടവർക്ക് റഗുലറൈസ് ചെയ്യപ്പെട്ടതിനു ശേഷം 3 വർഷത്തെ യോഗ്യസേവന കാലം പൂർത്തിയാകുമ്പോൾ ത്രൂഔട്ട് ദി സിസ്റ്റം പാസ് അനുവദിക്കുന്നതാണ്.

3. ബാംഗ്ലൂരിലെ റിസർവേഷൻ കൗണ്ടറിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാർക്ക് അവരുടെ നിലവിലുള്ള പാസ് ഉപയോഗിച്ച് ഡ്യൂട്ടി ആവശ്യത്തിലേക്ക് മാത്രം ആ മേഖലയിലെ അന്തർ സംസ്ഥാന സർവീസുകളിൽ യാത്ര അനുവദിക്കുന്നതാണ്.

4. സർവീസിൽ നിന്ന് വിരമിച്ചവർക്ക് കുടുംബ പാസ് (Family Pass) ഉപയോഗിച്ച് സംസ്ഥാനത്തിനകത്ത് ദൂര പരിധിയില്ലാതെ യാത്ര അനുവദിക്കുന്നതാണ്.

5. സർവീസിൽ നിന്ന് വിരമിച്ചവർക്ക് അനുവദിച്ചു വരുന്ന സൗജന്യ യാത്രാ പാസ് ഉപയോഗിച്ച് നിലവിലുള്ള ദൂര പരിധിക്ക് (12 കി:മീറ്റർ) വിധേയമായി ഫാസ്റ്റ് പാസഞ്ചറിലും യാത്ര അനുവദിക്കുന്നതാണ്.

**ഇത് സംബന്ധിച്ചുള്ള വിശദമായ ഉത്തരവ് ലേബർ വിഭഗത്തിൽ നിന്ന് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.**

**XXIX. സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ (Transfer guidelines)**

പൊതു സ്ഥലം മാറ്റങ്ങൾ ഓരോ കലണ്ടർ വർഷത്തിലും ഏപ്രിൽ മാസത്തിൽ അനുവദിക്കൂന്നതാണ്. നിശ്ചിത ഫാറത്തിൽ അതാത് യൂണിറ്റാഫീസർമാർ മുഖാന്തിരം അയയ്ക്കുന്ന അപേക്ഷകൾ മാത്രമേ സ്ഥലം മാറ്റത്തിന് പരിഗണിക്കുകയുള്ളൂ. സ്ഥലം മാറ്റങ്ങൾ നിർണ്ണിയിക്കുന്നത് അനുബന്ധം IV-ലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ടായിരിക്കും.

## XXX. സേവന വ്യവസ്ഥകൾ (Work Norms)

കോർപ്പറേഷനിലെ വിവിധ വിഭാഗം ജീവനക്കാർക്ക് നിലവിലുള്ള സേവന വ്യവസ്ഥകൾ പരിശോധിച്ച് പരിഷ്ക്കരിക്കുന്നതിലേക്ക് മാനേജ്മെന്റ് - തൊഴിലാളി സംഘടനാ പ്രതിനിധികളുടെ സംയുക്ത ഉപ സമിതികളെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഇപ്രകാരം പരിഷ്ക്കരിച്ച് നിശ്ചയിക്കുന്ന സേവന വ്യവസ്ഥകൾ ഭരണ സമിതിയുടെ അംഗീകാരത്തോടെ നടപ്പിലാക്കുന്നതാണ്.

**XXXI. പെൻഷൻ**

കേരളാ സർവീസ് ചട്ടങ്ങൾ (K.S.R.) പ്രകാരമുള്ള പെൻഷൻ വ്യവസ്ഥകൾ നിലവിലുള്ളത് പൊതുവിൽ മാറ്റമില്ലാതെ തുടരുന്നതാണെങ്കിലും 1-3-2006 മുതൽക്കുള്ള പെൻഷൻ കമ്മ്യൂട്ടേഷൻ വ്യവസ്ഥ താഴപ്പറയുന്ന പ്രകാരമായിരിക്കുന്നതാണ്.

1. **കമ്മ്യൂട്ടേഷൻ - 1-3-2006-നും ശേഷവും വിരമിച്ചവർക്കും മേലിൽ വിരമിക്കുന്നവർക്കും** പരിഷ്ക്കരിച്ച ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള പെൻഷന്റെ 20% കമ്മ്യൂട്ടേഷൻ അനുവദിക്കുന്നതാണ്.

2. <u>ഗ്രാറ്റുവിറ്റി</u> - **1-3-2006-നും ശേഷവും വിരമിച്ചവർക്കും മേലിൽ വിരമിക്കുന്നവർക്കും** പരിഷ്ക്കരിച്ച ശമ്പളത്തെ ആധാരമാക്കി അനുവദിക്കാവുന്ന പരമാവധി ഗ്രാറ്റുവിറ്റി മൂന്ന് ലക്ഷത്തി മുപ്പതിനായിരം (3,30,000/-) രൂപ ആയിരിക്കുന്നതാണ്.

3. **<u>പെൻഷന് കണക്കാക്കുന്ന റിസർവ് സേവന കാലം (Daily Wages Reserve Period)</u>**

1999 കരാറിലെ ഖണ്ഡം XXIII-(3)-ൽ കണ്ടക്ടർ, ഡ്രൈവർ, വിഭാഗങ്ങളുടെ റിസർവ് സേവന കാലവും (Daily Wages Reserve Period) മെക്കാനിക്കൽ വിഭാഗങ്ങളുടെ സ്ഥിര നിയമനത്തിന് മുന്നോടിയായുള്ള പരിശീലന കാലവും (Pre-appointment training period) പൂർണ്ണമായും പെൻഷന് യോഗ്യതാ കാലമായി കണക്കാക്കുമെന്ന് ഉപാധികളോടെ വ്യവസ്ഥ ചെയ്തിരുന്നു. ഇത് സംബന്ധിച്ച് 1990 കരാറിലെ ബന്ധപ്പെട്ട വ്യവസ്ഥയിൽ ഭേദഗതി വരുത്തിയാണ് 'ടി' പുതിയ വ്യവസ്ഥ രൂപീകരിച്ചത്. ഇത് പി.എസ്.സി. മുഖാന്തിരവും ആശ്രിത നിയമനം വഴിയും നിയമിക്കപ്പെട്ട ജീവനക്കാരുടെ സ്ഥിര നിയമനത്തിന് മുന്നോടിയായുള്ള റിസർവ് സേവന/പരിശീലന കാലയളവിനെ ഉദ്ദേശിച്ചുള്ളതായിരുന്നു. എന്നാൽ ബഹു: കോടതി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കപ്പെട്ട് 2001-ൽ റഗുലറൈസ് ചെയ്യപ്പെട്ടവർക്കും ഈ വ്യവസ്ഥ ബാധകമാക്കിയിട്ടുള്ളതാണ്. ആകയാൽ ഈ വ്യവസ്ഥയുടെ ആനുകൂല്യം ടി 2001-ൽ റഗുലറൈസ് ചെയ്യപ്പെട്ട ജീവനക്കാർക്ക് മാത്രം തുടർന്നും അനുവദിക്കുന്നതാണ്.

എന്നാൽ 'ടി' വ്യവസ്ഥയിൽ ഏർപ്പെടുമ്പോൾ ഇരു ഭാഗക്കാർക്കും ഉണ്ടായിരുന്ന ധാരണയ്ക്കും ഉദ്ദേശ്യ ലക്ഷ്യത്തിന്റെ അന്തസ്സത്തയ്ക്കും അനുസൃതമായി ഇനി മേൽ ഈ ആനുകൂല്യം പി.എസ്.സി./ആശ്രിത നിയമനം വഴി നിയമിക്കപ്പെട്ടവരുടെ റിസർവ് സേവന കാലം/പരിശീലന കാലത്തിന് മാത്രം ബാധകമായിരിക്കുന്നതാണ്.

4. **<u>സർവീസ് പെൻഷനും കുടുംബ പെൻഷനും</u>**

സർവീസ് പെൻഷനും കുടുംബ പെൻഷനും എക്സ് ഗ്രേഷ്യാ പെൻഷനും ഈ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് പരിഷ്ക്കരിക്കുന്നതാണ്. **ഇവയുടെ സാമ്പത്തികാനുകൂല്യം അനുവദിക്കുന്ന തീയതി പ്രത്യേക ഉത്തരവിലൂടെ അറിയിക്കുന്നതാണ്.**

(i) **<u>പെൻഷൻ/കുടുംബ പെൻഷൻ പുതുക്കി നിർണ്ണയിക്കുന്നതിനുള്ള ഘടകങ്ങൾ</u>**

(എ) നിലവിലുള്ള അടിസ്ഥാന പെൻഷൻ (കമ്മ്യൂട്ട് ചെയ്ത പെൻഷൻ ഉൾപ്പടെയുള്ളത്)

(ബി) അടിസ്ഥാന പെൻഷന്റെ 59% ക്ഷാമാശ്വാസം.

(സി) അടിസ്ഥാന പെൻഷന്റെ 3% ഫിറ്റ്മെന്റ് ആനുകൂല്യം

'ടി' മൂന്ന് ഘടകങ്ങളുടെയും ആകെത്തുകയായിരിക്കും പുതുക്കിയ അടിസ്ഥാന പെൻഷൻ. എന്നാൽ 'ടി' ആകെത്തുക 2400/- രൂപയിൽ കുറവായാൽ പുതുക്കിയ പെൻഷൻ 2400/- രൂപയായി നിർണ്ണയിക്കുന്നതാണ്.

(ii) നിർദ്ദിഷ്ട പെൻഷൻ പരിഷ്ക്കരണത്തിന് അതിലേക്കായി പുറപ്പെടുവിക്കുന്ന ഉത്തരവിൽ പറയുന്ന തീയതി മുതൽക്ക് പ്രാബല്യം ഉണ്ടായിരിക്കും. പ്രസ്തുത തീയതി മുതൽക്കുള്ള പ്രാബല്യത്തിൽ

സർവീസ് പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും നൂറ് (100/-) രൂപ നിരക്കിൽ പ്രതിമാസ-ചികിൽസാ ബത്ത (Medical Allowance) പ്രായഭേദമെന്യേ അനുവദിക്കുന്നതാണ്.

(iii) പരിഷ്ക്കരിച്ച അടിസ്ഥാന പെൻഷൻ നടപ്പിലാവുന്ന തീയതി മുതൽ 5% ക്ഷാമാശ്വാസം (Dearness Relief) അനുവദിക്കുന്നതാണ്.

(iv) **<u>എക്സ് ഗ്രേഷ്യാ പെൻഷൻ</u>** സർക്കാരിലേതിനു തുല്യമായി പരിഷ്ക്കരിക്കുന്നതാണ്.

**ഈ ഖണ്ഡം സംബന്ധിച്ച വിശദമായ ഉത്തരവ് പെൻഷൻ & ആഡിറ്റ് വിഭാഗത്തിൽ നിന്ന് പുറപ്പെടുവിക്കുന്നതാണ്.**

**XXXII. <u>ആർജ്ജിതാവധി സറണ്ടർ (Surrender of Earned Leave)</u>**

സർവീസ് അവസാനത്തിലെ ആർജ്ജിതാവധി സറണ്ടർ (Terminal Leave Surrender) മാത്രം തുടർന്നും അനുവദിക്കുന്നതാണ്. ഈ ആനുകൂല്യം നിലവിലുള്ളതു പോലെ 13-4-1999-ന് ശേഷം ആർജ്ജിച്ച അവധികൾക്കായി (പരമാവധി 300) മേലിലും പരിമിതപ്പെടുത്തുന്നതാണ്.

**XXXIII. <u>ജാമ്യമെടുക്കുന്നതിനുള്ള ഹാജർ</u>**

കോർപ്പറേഷൻ വാഹനങ്ങൾ അപകടങ്ങളിൽ പെടുമ്പോൾ കേസിൽ പ്രതി സ്ഥാനത്ത് വരുന്ന കൃത്യ നിർവ്വഹണത്തിൽ ആയിരുന്ന ജീവനക്കാരെ ജാമ്യത്തിലെടുക്കുന്നതിന് പോലീസ് സ്റ്റേഷനിലോ കോടതിയിലോ ഹാജരാകുന്ന സ്ഥിരം ജീവനക്കാർക്ക് ഹാജർ അനുവദിക്കുന്നതാണ്. ഇത് ഒരു കേസിൽ തന്നെ കോടതിയിൽ നിന്നുള്ള ജാമ്യത്തിന് രണ്ട് പേർക്കും പോലീസ് സ്റ്റേഷനിൽ നിന്നുള്ള ജാമ്യത്തിന് രണ്ട് പേർക്കും ഒരിടത്തേക്ക് ഓരോ തവണ അനുവദിക്കുന്നതാണ്. ഇതിനെ സംബന്ധിച്ച് ലേബർ വിഭാഗത്തിൽ നിന്ന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**XXXIV. <u>അവശതയ്ക്കുള്ള പ്രത്യേക അവധി (Special Disability Leave)</u>**

കോർപ്പറേഷനിലെ കൃത്യ നിർവ്വഹണത്തിനിടയിൽ അപകടങ്ങളെത്തുടർന്ന് അവശതയുണ്ടാകുന്നവർക്ക് അനുവദിച്ചു വരുന്ന 'ടി' അവധി ആനുകൂല്യം അനുവദിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ മാറ്റമില്ലാതെ തുടരുന്നതാണ്. പതിനാല) (14) ദിവസം വരെയുള്ള അവധികൾ യൂണിറ്റുകളിൽ അനുവദിക്കുന്നതാണ്. അതിൽ കൂടുതലുള്ളവ ചീഫ് ആഫീസിൽ തീർപ്പാക്കി നൽകും. അറുപത് (60) ദിവസം വരെയുള്ള അവധികൾക്ക് ബന്ധപ്പെട്ട മെഡിക്കൽ ആഫീസറുടെ സാക്ഷ്യപത്രവും അറുപത് ദിവസത്തിൽ കൂടുതലായാൽ ആശുപത്രിയിലെ കിടത്തി ചികിൽസാ കാലത്തിനല്ലെങ്കിൽ (Period of treatment as In-patient) ബന്ധപ്പെട്ട മെഡിക്കൽ ബോർഡിന്റെ ശുപാർശയും നിർബന്ധമായിരിക്കുന്നതാണ്.

**ഇത് സംബന്ധിച്ചുള്ള വിശദമായ ഉത്തരവ് പേഴ്സണൽ വിഭാഗത്തിൽ നിന്ന് പുറപ്പെടുവിക്കുന്നതാണ്.**

**XXXV. <u>അപകട സ്ഥലത്തും അപ്രതീക്ഷിത സാഹചര്യങ്ങളിലും ബ്രേക്ക്ഡൗൺ കാരണവും കാത്തിരിക്കുന്നവർക്ക് ഹാജർ നൽകുന്ന വിധം</u>**

ജീവനക്കാർ സർവീസ് നടത്തിപ്പിനിടെ അപകടത്തിൽ പെട്ട് കാത്ത് കഴിയേണ്ടി വരുമ്പോഴും അപ്രതീക്ഷിത സാഹചര്യങ്ങളിൽ മറ്റ് ഡിപ്പോകളിൽ കാത്ത് കഴിയേണ്ടി വരുമ്പോഴും കൂടാതെ ബസിന്റെ ബ്രേക്ക്ഡൗൺ കാരണവും കാത്ത് കഴിയേണ്ടി വരുമ്പോഴും പ്രസ്തുത കാലയളവിലേക്ക് ഹാജർ നൽകുന്നതിന് നിലവിൽ പിന്തുടരുന്നതും 28-12-1990 കരാറിലെ ഖണ്ഡം XXXVI-ൽ പ്രതിപാദിച്ചിരിക്കുന്നതുമായ താഴെപ്പറയുന്ന വ്യവസ്ഥകൾ തുടരുന്നതാണ്.

| | | |
|---|---|---|
| 1 | ആദ്യത്തെ എട്ട് (8) മണിക്കൂറിനുള്ളിലോ എട്ടാം മണിക്കൂറിലോ റിലീവ് ചെയ്താൽ | ഒരു ഡ്യൂട്ടി |
| 2 | പതിമൂന്ന് (13) മണിക്കൂർ വരെ | രണ്ട് ഡ്യൂട്ടി |
| 3 | അടുത്ത പതിനൊന്ന് (11) മണിക്കൂർ പൂർത്തിയാകുമ്പോൾ മാത്രം | ഒരു ഡ്യൂട്ടി |
| 4 | പിന്നീടുള്ള പൂർത്തിയാക്കിയ ഓരോ എട്ട് (8) മണിക്കൂറിനും | ഓരോ ഡ്യൂട്ടി വീതം |

**XXXVI. <u>പ്രത്യേക കാഷ്വൽ അവധി (Special Casual Leave)</u>**

ഇനി മുതൽ സർക്കാരിൽ നിലവിലുള്ള രീതിയിൽ **<u>പേ വിഷ ബാധയ്ക്കുള്ള ചികിൽസയ്ക്കും (14 ദിവസം വരെ) രക്ത ദാനത്തിനും (1 ദിവസം)</u>** പ്രത്യേക കാഷ്വൽ അവധി അതാതു യൂണിറ്റുകളിൽ അനുവദിക്കുന്നതാണ്.

**ഇത് സംബന്ധമായ വിശദമായ ഉത്തരവ് പേഴ്സണൽ വിഭാഗത്തിൽ നിന്ന് പുറപ്പെടുവിക്കുന്നതാണ്.**

**XXXVII.<u>ഹയർ ഡിവിഷൻ ആഫീസർ തസ്തിക</u>**

കോർപ്പറേഷനിലെ ഹയർ ഡിവിഷൻ ആഫീസർ തസ്തികകൾ സ്ഥിരം ജീവനക്കാരുടെ എണ്ണത്തിന്റെ 1% ആയിരിക്കുന്നതാണ്. 11-ാം സ്കെയിലിൽ നിന്നും ഹയർ ഡിവിഷൻ ആഫീസർമാരുടെ ഒന്നാമത്തെ ശമ്പള സ്കെയിലിലെ തസ്തികയിലേക്ക് നിലവിൽ ഒന്നിൽ കൂടുതൽ പേർക്ക് ഒരേ സമയം പ്രൊമോഷന് അവസരമില്ലാത്ത സ്റ്റോർ കീപ്പർ, ഫെയർ കോപ്പി സൂപ്രണ്ട് എന്നീ തസ്തികകൾക്ക് കുറഞ്ഞത് മുൻകാലത്തെ സ്ഥിതി പുന:സ്ഥാപിക്കുന്നതിനും 'ടി' ഹയർ ഡിവിഷൻ തസ്തികയിലേക്ക് നിലവിൽ പ്രൊമോഷന് അവസരമില്ലാത്ത ഹെഡ് വെഹിക്കിൾ സൂപ്പർവൈസർമാർക്ക് പ്രൊമോഷൻ അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

**ഇത് സംബന്ധിച്ച് മേൽ നടപടികൾ ജനറൽ വിഭാഗത്തിൽ നിന്ന് സ്വീകരിക്കുന്നതാണ്.**

**XXXVIII. <u>സൂപ്പർവൈസറി തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം</u>**

സൂപ്പർവൈസറി തസ്തികകളിൽ കാലാകാലങ്ങളിലുണ്ടാകുന്ന ഒഴിവുകൾ അതാതു സമയം നികത്തും. എന്നാൽ സൂപ്പർവൈസറി തസ്തികകളുടെ ബന്ധപ്പെട്ട തൊട്ടു താഴെയുള്ള ഫീഡർ തസ്തികയിൽ ജീവനക്കാരില്ലാതെ വന്നാൽ (അത് സമയ ബന്ധിത ഗ്രേഡ് പ്രൊമോഷൻ തസ്തികയായാലും) അതിനും തൊട്ടു താഴത്തെ തസ്തികയെ ഫീഡർ തസ്തികയായി കണക്കാക്കി ആ തസ്തികയിലെ

സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ആ കാറ്റഗറിയുടെ സൂപ്പർവൈസറി തസ്തികയിലേക്ക് നേരിട്ട് സ്ഥാനക്കയറ്റം നൽകി ഒഴിവുകൾ നികത്തുന്നതാണ്.

## XXXIX. സമാന ശമ്പള സ്കെയിലിലുള്ള തസ്തികയിലെ സീനിയോറിറ്റി പ്രൊമോഷൻ

ഏതെങ്കിലും വിഭാഗങ്ങളുടെ ഒരു തസ്തികയുടെ ശമ്പള സ്കെയിലും ആ തസ്തികയിൽ നിന്നുള്ള റേഷ്യോ (കേഡർ) പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിലും തുല്യമായി വരുന്ന സന്ദർഭത്തിൽ നിലവിലുള്ള തസ്തികയുടെ സ്കെയിലിലെ ബാധകമായ നിരക്കിൽ ഒരു ഇൻക്രിമെന്റ് അധികമായി നോഷണൽ ഇഫക്ടിൽ അനുവദിച്ച് പ്രൊമോഷൻ തസ്തികയിലെ ശമ്പളം നിർണ്ണയിക്കുന്നതാണ്.

## XL. പ്രോവിഡന്റ് ഫണ്ട്

ഇനി മുതൽ പ്രോവിഡന്റ് ഫണ്ടിൽ നിന്നും 25000/- രൂപ വരെയുള്ള താല്ക്കാലിക വായ്പകൾ (Temporary Advance) അതാതു യൂണിറ്റുകളിൽ അനുവദിക്കുന്നതാണ്.

ഇത് സംബന്ധിച്ച വിശദമായ ഉത്തരവ് പ്രോവിഡന്റ്ഫണ്ട് വിഭഗത്തിൽ നിന്ന് പുറപ്പെടുവിക്കുന്നതാണ്.

## XLI. പ്രസവാവധിയും (Maternity Leave) പ്രസവാനന്തര കാലത്ത് (Post Maternity period) ജോലി ചെയ്യുന്നതിനുള്ള ക്രമീകരണവും

പ്രസവാവധി അനുവദിക്കുന്നതിന് നിലവിലുള്ള സർക്കാർ വ്യവസ്ഥകൾ (കാലാകാലങ്ങളിലുണ്ടാകുന്ന ഭേദഗതികൾ സഹിതം) തുടരുന്നതാണ്.

സ്ത്രീ ജീവനക്കാർക്ക് പ്രസവാവധിയെത്തുടർന്ന് വരുന്ന ആറ് (6) മാസക്കാലത്തേക്ക് ഡ്യൂട്ടികൾ അനുയോജ്യമായ വിധത്തിൽ ക്രമീകരിച്ചു (കഴിയുന്നത്ര) നൽകും. 'ടി' രണ്ടിനങ്ങളിലും കൂടി പരമാവധി അനുവദിക്കാവുന്ന കാലം 315 (പ്രസവാവധി പരമാവധി 135 ദിവസം + ഡ്യൂട്ടി ക്രമീകരണം പരമാവധി 180 ദിവസം) ദിവസമായി പരിമിതപ്പെടുത്തുന്നതാണ്.

ഇത് സംബന്ധമായ വിശദമായ ഉത്തരവ് പേഴ്സണൽ വിഭാഗത്തിൽ നിന്ന് പുറപ്പെടുവിക്കുന്നതാണ്.

## XLII. എണ്ണത്തിൽ കുറവായ കാറ്റഗറികളുടെ ഏകോപനം (Clubbing of Small Categories)

മെക്കാനിക്കൽ വിഭാഗം ജനറൽ കാറ്റഗറികളിൽ പെട്ട എണ്ണത്തിൽ കുറവായ പ്രത്യേക വിഭാഗങ്ങളെ ജോലിയുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് പുതിയ ജോലിപ്പേര് നൽകുന്നതിനുള്ള നിർദ്ദേശം അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി പ്രത്യേകമായി ചർച്ച ചെയ്ത് നടപ്പിലാക്കുന്നതാണ്. ഇത് സംബന്ധിച്ചുള്ള ഉഭയകക്ഷി ചർച്ചകൾ താമസംവിനാ ആരംഭിക്കുന്നതാണ്.

## XLIII. പോർട്ടർമാരെ സ്ഥിരപ്പെടുത്തൽ

കോർപ്പറേഷനിൽ പന്ത്രണ്ട് (12) വർഷത്തിലധികം കാലം താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന പോർട്ടർമാരെ 1996-1997-കളിലെ നിർദ്ദേശ പ്രകാരം കാഷ്വൽ ലേബർമാർക്കൊപ്പം സ്ഥിര നിയമനത്തിന് ശുപാർശ ചെയ്തുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ അവർക്ക് നിയമനം

നൽകിയില്ല. 'ടി' പോർട്ടർമാരിൽ ഇപ്പോഴും കോർപ്പറേഷനിൽ ജോലി ചെയ്യുന്നവർക്ക് പഴയ പന്ത്രണ്ട് (12) കൊല്ലക്കാലം ജോലി ചെയ്തിട്ടുള്ളത് വസ്തുതാപരമായി ശരിയെന്ന് ബോദ്ധ്യമുള്ളതിനാൽ സ്ഥിര നിയമനം നൽകണമെന്ന ശുപാർശ സർക്കാരിന് സമർപ്പിക്കുന്നതാണ്.

**മേൽ നടപടികൾ പേഴ്സണൽ വിഭാഗത്തിൽ നിന്ന് സ്വീകരിക്കുന്നതാണ്.**

**XLIV. മരണാനന്തര ചെലവ്**

ഒരു ജീവനക്കാരൻ/ജീവനക്കാരി മരണപ്പെട്ടാൽ സംസ്കാരച്ചെലവിനത്തിൽ (Funeral expense) 2000/- (രണ്ടായിരം) രൂപ അനുവദിച്ചു വന്നിരുന്നത് തുടരുന്നതാണ്. എന്നാൽ ഒരു ജിവനക്കാരൻ/ജീവനക്കാരി കൃത്യ നിർവ്വഹണ ത്തിനിടെ അപകടം മൂലം മരണപ്പെട്ടാൽ മരണാനന്തര ചെലവിലേക്ക് പതിനായിരം (10000/-) രൂപ അനുവദിക്കുന്നതാണ്.

മരണാനന്തര ചെലവ്/സംസ്കാരച്ചെലവ് ഇനത്തിൽ അനുവദിക്കുന്ന തുക **ബാദ്ധ്യതയായി കണക്കാക്കുന്നതല്ല.**

**ഇത് സംബന്ധമായ വിശദമായ ഉത്തരവ് ലേബർ വിഭാഗത്തിൽ നിന്ന് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.**

**XLV. കുടിശ്ശിക**

നിർദ്ദിഷ്ട ശമ്പള പരിഷ്ക്കരണ വ്യവസ്ഥകൾക്ക് 1-3-2006 മുതൽ നോഷണൽ പ്രാബല്യമാകയാൽ ശമ്പള പരിഷ്ക്കരണത്തിന്റെ സാമ്പത്തികാനുകൂല്യം അനുവദിക്കുന്ന തീയതി വരെയുള്ള കുടിശ്ശികക്കും ശമ്പള പരിഷ്ക്കരണത്തെത്തുടർന്നുണ്ടാകുന്ന പ്രതിമാസ പെൻഷൻ വർദ്ധനവിന്റെ കുടിശ്ശികക്കും സ്കെയിൽ അപ്ഗ്രഡേഷൻ പുന:സ്ഥാപനം വഴിയുണ്ടാകുന്ന വിവിധ ഇനങ്ങളിലെ കുടിശ്ശികക്കും അർഹതയുണ്ടായിരിക്കുന്നതല്ല.

**XLVI. പൊതു വിഷയങ്ങൾ**

**കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പൊതു വിഷയങ്ങളെ സംബന്ധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.**

**XLVII. ഓപ്ഷനുകൾ ക്ഷണിച്ചുകൊണ്ടുള്ള ഉത്തരവ് പേഴ്സണൽ വിഭാഗത്തിൽ നിന്ന് പുറപ്പെടുവിക്കുന്നതാണ്.**

XLVIII. ഈ സേവന-വേതന പരിഷ്ക്കരണത്തിന്റെ കാലാവധി 1-3-2006 മുതൽ 5 വർഷമായിരിക്കും. എന്നാൽ പുതിയ സേവന-വേതന വ്യവസ്ഥകൾ രൂപീകരിച്ച് നടപ്പിലാക്കുന്നതു വരെ ആയതിന് പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

**ചെയർമാൻ & മാനേജിംഗ് ഡയറക്ടർ**

പേഴ്സണൽ മാനേജർക്ക്
എല്ലാ യൂണിറ്റാഫീസറന്മാർക്കും മേഖലാ ആഫീസറന്മാർക്കും
ചീഫ് ആഫീസിലെ എല്ലാ ആഫീസറന്മാർക്കും സെക്ഷനുകൾക്കും
അംഗീകൃത തൊഴിലാളി സംഘടനകൾക്കും (ആമുഖ കത്ത് മുഖേന)
പേ ഫിക്സേഷൻ ആഡിറ്റ് പാർട്ടികൾക്കും
ഫയൽ നമ്പർ എൽ.ആർ.8/012426/00/കരുതൽ ഫയൽ/ഫയൽ

എ.ജെ.